# സമന്വയ

## അതിരൂപത ബുള്ളറ്റിൻ

**തിരുവനന്തപുരം ലത്തീൻ അതിരൂപത, വെള്ളയമ്പലം.**

പുസ്തകം 22 ജനുവരി 2018 ലക്കം 1



***രക്ഷാധികാരികൾ***

മോസ്റ്റ് റവ. ഡോ. സൂസപാക്യം, എം.

റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.

***സഹരക്ഷാധികാരി***

വെരി.റവ.മോൺ.യൂജിൻ എച്ച്. പെരേര

***പത്രാധിപ സമിതി***

റവ. ഡോ. എഡിസൺ വൈ.എം

റവ. ഫാ. യേശുദാസൻ മത്യാസ്

റവ. ഫാ. ശാന്തപ്പൻ

റവ. ഡോ. ലോറൻസ് കുലാസ്

റവ. ഫാ. എ.ആർ ജോൺ

റവ. ഫാ. ലെനിൻ രാജ്

ശ്രീ.ആർക്കാഞ്ചലോ.എം.

റവ. ഡോ. മൈക്കിൾ തോമസ്

റവ. ഫാ. ലെനിൻ ഫെർണാണ്ടസ്

***സഹപത്രാധിപർ***

ശ്രീ. പീറ്റർ കട്ടികാട്ട്

***കവർ & ലേ-ഔട്ട്***

ജീവജ്യോതി ഓഫ്സെറ്റ്



ലാറ്റിൻ ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, കവടിയാർ പി. ഒ.
തിരുവനന്തപുരം - 695 003
ഫോൺ : 0471 - 2724001
ഫാക്സ് : 0471 - 2725001


## താളുകളിൽ


- ക്രിസ്തുമസ് - എളിയവന്റെ സുവിശേഷം (എഡിറ്റോറിയൽ)
- ആർച്ച്ബിഷപ്സ് ഡയറി - ഡിസംബർ
- ബിഷപ്സ് ഡയറി - ഡിസംബർ
- ആഗമനകാലം - 2017 (ഇടയലേഖനം)
- ചാൻസലറുടെ ഓഫീസിൽ നിന്ന്
- മെട്രോപ്പോലീറ്റൻ ട്രൈബ്യൂണൽ
- ബിസിസി: അതിരൂപതാതല പ്രവർത്തനങ്ങൾ
- അജപാലന ശുശ്രൂഷ
- കുടുംബപ്രേഷിത ശുശ്രൂഷ
- യുവജനം: അതിരൂപതാ കലോത്സവം
- ആർ.സി സ്കൂളുകൾ നവംബറിൽ
- സാമൂഹ്യ ശുശ്രൂഷ ഫെറോനകളിൽ
- അല്മായ ശക്തീകരണ കോഴ്സ് കോവളത്ത്



# ക്രിസ്തുമസ് – എളിയവന്റെ സുവിശേഷം

മാലാഖമാർ ആശംസിക്കുന്ന സമാധാനം നമുക്ക് ഏറ്റുവാങ്ങാം. അതിനായി മനസുകളെ ഒരുക്കുന്ന ആഗമനകാലത്തിലേയ്ക്ക് നമുക്കു പ്രവേശിക്കാം. നമ്മുടെ ഉചിതമായ ഒരുക്കത്തിന്റെ സമാപ്തിയായിരിക്കട്ടെ "സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത" (ലൂക്ക2:10) യായി വന്നണയുന്ന നമ്മുടെ ക്രിസ്തുമസ്.

വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഭൂമിയിൽ ദൈവദൂതർ ആദ്യം എത്തിക്കുന്നത് അന്നത്തെ സമൂഹത്തിൽ ഏറ്റവും അതിർവരമ്പുകളിൽ കഴിഞ്ഞിരുന്ന എളിയവരായ ആട്ടിടയർക്കാണ് എന്നത് പ്രത്യേക ശ്രദ്ധ ആകർഷിക്കുന്നു; അതിനേക്കാൾ ശ്രദ്ധ ആകർഷി ക്കുന്നതാണ്, ആ ദിവ്യഉണ്ണിയെ കണ്ടെത്തുന്നതിനായി ദൈവദൂതന്മാർ ആട്ടിടയർക്ക് നല്കിയ അടയാളം: "പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞ്, പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും" (ലൂക്ക 2: 12). കൊട്ടാരങ്ങൾ വിട്ട് സത്യം അന്വേഷിച്ചിറങ്ങിയ പൗരസ്ത്യദേശത്തെ ജ്ഞാനികൾക്കും സമാധാനദായകനായ ആ ദിവ്യാഅവതാരത്തെ ദർശിക്കാൻ സാധിക്കുന്നുണ്ട്. ഇതെല്ലാം വിരൽചൂണ്ടുന്നത് നമ്മിലൊരുവനായി എളിയ നില സ്വീകരിച്ച ദൈവത്തെ ദർശിക്കാനുള്ള, അവിടുത്തെ അനുഭവിച്ചറിയാനുള്ള ഏകമാർഗ്ഗം അവിടുത്തോട് താദാത്മ്യം പ്രാപിക്കുക, അവിടുന്നിനേപ്പോലെ സഹചരിലേയ്ക്ക് ഇറങ്ങിച്ചെല്ലുകയാണെന്ന തിരിച്ചറിവിലേയ്ക്കാണ്.

ഏറ്റം എളിയ നിലയിൽ ഭൂമിയിൽ പിറന്ന ദൈവപുത്രൻ, ''ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ'' എന്നു പഠിപ്പിച്ചു. അവിടുന്ന് എപ്പോഴും എളിയവരോടൊപ്പം സഞ്ചരിച്ചു; അവരോടൊപ്പം കഴിഞ്ഞുപോന്നു. ദരിദ്രരുടെയും ബന്ധിതരുടെയും അന്ധരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും മോചനമാണ് തന്റെ ദൗത്യമെന്ന് പരസ്യജീവിതആരംഭത്തിൽതന്നെ (ലൂക്ക4:18) അവിടുന്ന് പ്രഖ്യാപിക്കുന്നുണ്ട്.

'യേശുക്രിസ്തുവിന്റെ ആ ദൗത്യം അവിടുത്തെ അനുഗമിക്കു ന്നവർ ഏറ്റെടുത്തു നിർവ്വഹിക്കുമ്പോളാണ് ക്രിസ്തു മനുഷ്യരുടെ ഇടയിൽ വസിക്കുന്നത്'എന്ന് മാർപാപ്പ, ദരിദ്രർക്കുവേണ്ടിയുള്ള വർഷമായി 2017 ആചരിക്കാൻ ആഹ്വാനം ചെയ്ത വേളയിൽ ലോകജനതയെ അനുസ്മരിപ്പിക്കുകയുണ്ടായി. വീണ്ടും ഈ ദിവസങ്ങളിൽ, ലക്ഷക്കണക്കിനുവരുന്ന റോഹിങ്ക്യാ അഭയാർഥികളുടെ കഠിനദുരിതങ്ങളിൽ ആകുലനായി, ആർദ്രഹൃദയനായി മ്യാൻമർ സന്ദർശിക്കുന്ന ഫ്രാൻസീസ് പാപ്പാ, 'പാവങ്ങളുടെ അടുത്തേയ്ക്ക് ഇറങ്ങിച്ചെന്നു കൊണ്ടായിരിക്കണം നാം ക്രിസ്തു രാജത്വ തിരുനാൾ ആഘോഷിക്കേണ്ടത്' എന്ന് പാവങ്ങൾക്കായുള്ള ലോകദിന (World Day for the Poor) ത്തിൽ വത്തിക്കാൻ ചത്വരത്തിലെ തന്റെ പ്രസംഗത്തിൽ ആഹ്വാനം ചെയ്യുകയുണ്ടായി.

'എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവനു നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെ യാണ് ചെയ്തുതന്നത്' (മത്താ. 25:40) എന്നാണല്ലോ യേശുനാഥൻ നമുക്ക് നല്കുന്ന ഉറപ്പ്. ആവശ്യക്കാർക്കു മുന്നിൽ ക്രിസ്തുവായി അവതരിക്കുന്നതായിരിക്കട്ടെ ക്രിസ്തുമസ്.

ഈ വർഷത്തെ ക്രിസ്തുമസ് ഏറ്റവും ഉചിതമായി ആഘോഷിക്കാൻ നാം ഒരുങ്ങുകയാണല്ലോ. അകലെയായിരിക്കുന്ന കുടുംബാംഗങ്ങൾ വന്നുചേരും. കുടുംബകൂട്ടായ്മകളും സുഹൃത്തുക്കളും ഒത്തുകൂടും, സർവ്വത്ര നക്ഷത്രവിളക്കുകളും അലങ്കാര - തോരണങ്ങളും സ്വർഗ്ഗീയ ആലാപനങ്ങളും വിശിഷ്ട ഭക്ഷ്യ-പാനീയ വിഭവങ്ങളുമായി ഉല്ലാസ പരിപാടികളും ഉണ്ടാകും. ഈ ആഘോഷ പരിപാടികളെല്ലാം തിരുപ്പിറവിക്കുവേണ്ടി ശരിയായി ഒരുങ്ങി നേടിയ ആത്മാവിലുള്ള യഥാർഥ ആനന്ദത്തിന്റെ അടയാളങ്ങളായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ഏവർക്കും തിരുപ്പിറവിയുടെ അനുഗ്രഹാശിസുകൾ നേരുന്നു.

സ്നേഹാദരവോടെ, പ്രാർത്ഥനയോടെ,

† **ക്രിസ്തുദാസ് ആർ.**
സഹായ മെത്രാൻ

## ARCHBISHOP'S DIARY, JANUARY 2018

| | | | |
|---|---|---|---|
| 01 | MON | 08.00 am | Confirmation at Palayam Cathedral |
| 04 | THU | 07.00 pm | Episcopal Silver Jubilee Celebration, Thuravoor. |
| 06 | SAT | 05.00 pm | Convent Blessing, Thuthur |
| 07 | SUN | 05.30 pm | Holy Eucharistic Celebration, Vizhinjam |
| 10 | WED | 11.00 am | Marriage Blessing, Vellayambalam |
| 11 | THU | 03.00 pm, | Convocation, Nursing College JMH |
| 12 | FRI to 14 SUN | | KRLCBC, KRLCC. Trivandrum |
| 14 | SUN | 05.00 pm | HOME MISSION, Conclusion, St. Domenic |
| 16 | TUE | 10.30 am | Vicar Foranes and Secretaries Meeting |
| | | 05.00 pm | Finance Council |
| 17 | WED | | HOME MISSION, Inauguration, Puthenthope |
| | | 06.00 pm | Neyyatinkara Bible Convention, Inauguration |
| 20 | SAT | 05.00 pm | Feast Day Eucharistic Celebration, Sulthanpet Diocese |
| 24 | WED | 10.30 am | Senate of Priests |
| | | | Diamond Jubilee, St. Antony's HSS Valiathura |
| 26 | FRI – 29 THU | | ***KCBC at POC*** |
| 31 | WED | | Church Blessing, Vettucaud |

**Fr. Judit Pious Lawrence**
Secretary to Archbishop



## AUXILIARY BISHOP'S DIARY, JANUARY 2018

| | | | |
|---|---|---|---|
| 02 | TUE | 03.30 pm | Priestly Ordination, Paruthiyoor |
| 03 | WED | 04.00 pm | Holy Eucharistic Celebration, Vizhinjam |
| 04 | THU | 11.00 am | Marriage Blessing, Vellayambalam |
| 05 | FRI | 05.30 pm | Holy Eucharistic Celebration, Anthiyoorkonam |
| 06 | SAT | 10.00 am | Priestly Ordination, Pulluvila |
| 07 | SUN | 07.30 am | HOME MISSION, Inauguration, St. Domenic |
| 09 | TUE | 10.30 am | Director's Meeting |
| 12 | FRI to 14 SUN | | KRLCBC, KRLCC. Trivandrum |
| 14 | SUN | 05.00 pm | Holy Eucharistic Celebration, Pongumood |
| | | 07.00 pm | Inauguration, Bible Convention Valiathura |
| 16 | TUE | 10.30 am | Vicar Foranes and Secretaries Meeting |
| | | 05.00 pm | Finance Council |
| 20 | SAT | 11.00 am | Feast Day Eucharistic Celebration, Arthunkal |
| 23 | TUE | 11.00 am | Marriage Blessing, Paruthiyoor |
| 24 | WED | 10.30 am | Senate of Priests |
| 26 | FRI | 10.00 am | Archdiocesan Pastoral Council Meeting |
| 28 | SUN | | HOME MISSION, Conclusion, Puthenthope |
| 31 | WED | | Church Blessing, Vettucaud |

**Fr. Judit Pious Lawrence**
Secretary to Archbishop

## തിരുവനന്തപുരം അതിരൂപത ഗസറ്റ്

No. 014/2017/CL Dated: 06.12.2017

### *തിരുവനട്ടപുരം അതിരൂപത ഡിസംബഹ്ല 10 ഞായഹ്ല പ്രാഹ്ലക്കനാ ദിനമായിആചരിററുങ്കു*

ക്രിസ്തുവിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

2017 നവംബർ 29-ന് കേരളത്തിലും, തമിഴ്നാട്ടിലും, ലക്ഷദ്വീപിലും, ആൻഡമാൻ നിക്കോബാർ ദ്വീപസമൂഹങ്ങളിലും ആഞ്ഞടിച്ച ഓഖി ചുഴലിക്കാറ്റ് വലിയ നാശമാണ് ഉ□ക്കിയത്. ഈ ദുരന്തം വിതച്ച നാശനഷ്ടങ്ങളുടെ വേദനയിലും ദുഃഖത്തിലുമാണ് നമ്മുടെ ജനങ്ങൾ. തങ്ങളുടെ ജീവിതത്തിലെ ഏക ആശ്രയമായിരുന്ന പിതാവ്, □ർത്താവ്, സഹോദരൻ, മകൻ തുടങ്ങിയവർ നഷ്ടപ്പെട്ടതിന്റെ ദുഃഖവും, വേദനയും, രോഷമായും പ്രതിഷേധമായും ഉയർന്നു.

അപ്രതീക്ഷിതമായി ഉ□യ ചുഴലിക്കാറ്റ് അനേകം കുടുംബങ്ങളുടെ ജീവിത സ്വപ്നങ്ങളെയാണ് തകർത്തത്. ദുരന്തത്തിൽ വളരെയേറെ തൊഴിലാളികളും ഒരായുസുകൊ□ അവർ സമ്പാദിച്ച ജീവനോപാധികളും, പാർപ്പിടങ്ങളും, അടിസ്ഥാന സൗകര്യങ്ങളും തകർന്നടിഞ്ഞു.

നമുക്ക് ല□ിച്ച കണക്കുകൾ പ്രകാരം തിരുവനന്തപുരം ജില്ലയിൽ നിന്ന് മുന്നൂറിലേറെ തൊഴിലാളികളും, 70 ലേറെ പ്ലൈവുഡ് ബോട്ടുകളും, വള്ളങ്ങളും, കട്ടമരങ്ങളുമാണ് 29-ാം തീയതി കടലിൽ പോയത്. തൂത്തൂർ പ്രദേശത്തുനിന്ന് കടലിൽ പോയത് ആയിരത്തി അഞ്ഞൂറിലേറെ തൊഴിലാളികളും നൂറിലേറെ ബോട്ടുകളുമാണ്. കൂടാതെ നീ□കര, കൊച്ചി, കോഴിക്കോട്, ബേപ്പൂർ ഹാർബറുകളിൽ നിന്നും പോയിട്ടുള്ള ബോട്ടുകളും



തൊഴിലാളികളുമു□ ഇത്രയേറെ തൊഴിലാളികളും, മത്സ്യബന്ധനോപകരണങ്ങളും ചുഴലിക്കാറ്റിൽപ്പെട്ട് തകരുമെന്ന് ഉത്തരവാദിത്വപ്പെട്ടവർക്ക് കൃത്യസമയത്ത് കണക്കാക്കാനായില്ല. കൂടാതെ ദുരന്ത നിവാരണ സംവിധാനങ്ങളും വേ□രീതിയിൽ പ്രവർത്തിച്ചില്ല. ആദ്യ ദിവസങ്ങളിൽ കടലിൽപ്പെട്ടുപോയവരെ രക്ഷപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ വേ□ത്ര കാര്യക്ഷമമാകാതിരുന്നത് ദുരന്തത്തിന്റെ വ്യാപ്തിയും, ഗൗരവവും വലുതാക്കി. കൃത്യസമയത്ത് നടപടികൾ ഉ□യിരുന്നെങ്കിൽ കൂടുതൽ ജീവഹാനി ഉ□കുമായിരുന്നില്ല. □□അവസാന തൊഴിലാളിയേയും രക്ഷപ്പെടുത്തിയ ശേഷം മാത്രമേ പടക്കപ്പൽ, നേവി, എയർഫോഴ്സ് തുടങ്ങിയ സംവിധാനങ്ങൾ തിരച്ചിൽ അവസാനിപ്പിക്കുകയുള്ളൂ□ എന്ന് കന്യാകുമാരി, തൂത്തൂർ, വിഴിഞ്ഞം, പൂന്തുറ തുടങ്ങിയ ദുരന്ത ബാധിത പ്രദേശങ്ങൾ സന്ദർശിച്ച കേന്ദ്ര പ്രതിരോധ മന്ത്രി ശ്രീമതി. നിർമ്മല സീതാരാമനും, സംസ്ഥാന സർക്കാരും ഉറപ്പു നൽകിയിട്ടു□ പ്രത്യാശപൂർവ്വം ദുരിതമനു□വിക്കുന്ന പ്രിയപ്പെട്ടവർക്കുവേ□ നമുക്കുപ്രാർത്ഥിക്കാം.

ചുഴലിക്കാറ്റിൽപ്പെട്ട് രക്ഷപ്പെടുത്തപ്പെട്ട നാൽപ്പത്തി യെട്ടുപേർ മെഡിക്കൽ കോളേജിലും അറുപത്തിയേഴുപേർ ജനറൽ ആശുപത്രിയിലും ചികിത്സയിലാണ്. അവർ എത്രയുംവേഗം ശാരീരികവും മാനസികവുമായ ആരോഗ്യം വീ□െടുത്ത് തങ്ങളുടെ കുടുംബങ്ങളിലേക്ക് മടങ്ങുന്നതിനായി നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. ആശുപത്രികളിൽ കഴിയുന്ന ദുരന്തബാധിതർക്ക് കൂടുതൽ വിദഗ്ധ ചികിത്സ നൽകുന്നതിനായി ജൂബിലി ആശുപത്രിയുടേയും, റ്റി. എസ്. എസ്. എസ്. ന്റെയും ആ□ിമുഖ്യത്തിൽ വൈദികരടങ്ങുന്ന ഒരു സമിതി പ്രവർത്തിച്ചു വരുന്നു. നമ്മുടെ പ്രദേശത്തെ ആരോഗ്യ പ്രശ്നങ്ങൾ പരിശോധിച്ച് പരിഹാര നടപടികൾ കൈക്കൊള്ളുന്നതിന് അവർ ഇടവകകളെ സമീപിക്കുന്നതാണ്. ആ സമിതിയോട് നിങ്ങൾ സഹകരിക്കണം എന്ന് അ□്യർത്ഥിക്കുന്നു.

കടലിൽ അകപ്പെട്ടിരിക്കുന്ന മുഴുവൻ ആളുകളെയും രക്ഷിക്കുന്നതിനുവേ□ നടപടികൾ കൈക്കൊള്ളാൻ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടു□ കൂടാതെ നമ്മുടെ ഇടവകകളുടെ നേതൃത്വത്തിലും രക്ഷാപ്രവർത്തനങ്ങൾ നടന്നുവരുകയാണ്. ഇതര സംസ്ഥാനങ്ങളിലെ

പോർട്ടുകളിലും കടലിലും കുടുങ്ങിയിരിക്കുന്ന ബോട്ടുകളുടെയും മത്സ്യത്തൊഴി ലാളികളുടെയും സുരക്ഷയ്ക്കും നാട്ടിലെത്തിക്കുന്നതിനും വേ□നടപടികളും പുരോഗമിച്ചുവരുന്നു.

നവംബർ 29-ാം തീയതി ഉ□യ മഴക്കെടുതിയിൽ തിരുവനന്തപുരം ജില്ലയിൽ നാലുപേരും, കന്യാകുമാരിയിൽ നാലുപേരും മരണപ്പെട്ടു. കൂടാതെ, നമ്മുടെ സംസ്ഥാനത്ത് വ്യാപകമായ കൃഷിനാശം, വൈദ്യുതി തകരാർ, അടിസ്ഥാന സൗകര്യങ്ങളുടെ നാശവും ഉ□യിട്ടു□എറണാകുളം ജില്ലയിൽ ചെല്ലാനത്തും, തിരുവനന്തപുരം ജില്ലയിൽ വലിയതുറ, താഴംപള്ളി, പൂത്തുറ, അഞ്ചുതെങ്ങ് മേഖലയിലും വലിയ തോതിൽ വീടുകൾ തകർന്നിട്ടു□ ദുരിതമനു□വിക്കുന്ന എല്ലാ സഹോദരങ്ങളോടും ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും അവർക്കു വേ□ പ്രാർത്ഥിക്കുകയും ചെയ്യാം.

ഈ വലിയ ദുരന്തത്തിൽ നമ്മോട് പങ്കുചേരുകയും, ദുഃഖിതരായ കുടുംബങ്ങളെ സന്ദർശിച്ച് ആശ്വാസം നൽകിക്കൊ□ിരിക്കുന്ന ഏവരേയും നന്ദിയോടെ അനുസ്മരിക്കുന്നു. അവരുടെ തുടർന്നുള്ള സഹകരണവും സഹായവും പ്രതീക്ഷിക്കുകയും ചെയ്യുന്നു. സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും ചെയ്തുകൊ□ിരിക്കുന്ന നല്ല പ്രവർത്തനങ്ങളെ അ□ിനന്ദിക്കുകയും അപ്രതീക്ഷിതമായു□യ ഈ വലിയ ദുരന്തത്തിന്റെ കെടുതികളിൽ കഴിയുന്ന ജനങ്ങൾ ഇനിയും ഇത്തരം ദുരന്തങ്ങളിൽ അകപ്പെടാതിരിക്കാൻ വേ□ □ാവിപ്രവർത്തനങ്ങളും പുനഃരധിവാസ പ്രവർത്തനങ്ങളും കാര്യക്ഷമതയോടെ ഏറ്റെടുത്ത് ചെയ്യും എന്നും പ്രതീക്ഷിക്കുന്നു.



ഡിസംബർ 5, 6 തീയതികളിൽ പാലാരിവട്ടം പി. ഒ. സി. യിൽ നടന്ന കെ. സി. ബി. സി. യോഗം നമ്മുടെ അതിരൂപതയുടേയും മത്സ്യതൊഴിലാളികളുടേയും വേദനയിൽ പങ്കു ചേർന്നു. ഡിസംബർ 10-ാം തീയതി കേരള കത്തോലിക്കാ സ□യും, □ാരത കത്തോലിക്കാ സ□യും പ്രാർത്ഥനാ ദിനമായും ദുരന്തബാധിതരുടെ സ്മരണാദിനമായും, ആചരിക്കാൻ തീരുമാനിച്ചു. ഈ ദുരന്തത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് അവരുടെ പ്രാർത്ഥനയും സാന്നിദ്ധ്യ സഹകരണവും വാഗ്ദാനം ചെയ്തിട്ടു□ കൂടാതെ ഓരോ വ്യക്തിയും അവരവരുടെ ഒരു ദിവസത്തെ വേതനം ദുരിതബാധിതരുടെ പുനഃരധിവാസ പ്രവർത്തനങ്ങൾക്ക് നൽകാൻ സ□ാ മക്കളോട് ആവശ്യപ്പെടുകയും ചെയ്തു. സ□യുടെ ആരോഗ്യസംവിധാനങ്ങളും നമ്മോട് സഹകരിച്ച് ഈ ദിവസങ്ങൾ ദുരിത ബാധിത പ്രദേശങ്ങളെ കേന്ദ്രീകരിച്ച് പ്രവർത്തിക്കാൻ തിരുമാനിച്ചു. കൂടാതെ ഈ ദുരന്തത്തിന്റെ ഗൗരവം പ്രധാന മന്ത്രിയേയും മുഖ്യമന്ത്രിയേയും അറിയിക്കാൻ തീരുമാനിച്ചു.

എല്ലാ നല്ല അയൽക്കാരേയും, സഹകാരികളേയും നന്ദിയോടെ അനുസ്മരിക്കുന്നു. ഒരു വലിയ ദുരന്തത്തിന്റെ ദുഃഖവും, വേദനയും അനു□വിക്കുന്ന സഹോദരങ്ങൾക്ക് വേ□ വരുന്ന ഞായറാഴ്ച ഡിസംബർ 10-ാം തീയതി നാം പ്രാർത്ഥനാ ദിനമായി ആചരിക്കുന്നതാണ്. ദിവ്യബലി ദുരിതമനു□വിക്കുന്ന സഹോദരങ്ങൾക്കുവേ□ അർപ്പിക്കുകയും ദുരന്തബാധിതരുടെ □അനുസ്മരണാ ദിന□മായി ആചരിക്കുകയും ചെയ്യണം.

പ്രകൃതിദുരന്തത്തിന്റെ പാഠങ്ങൾ ഉൾക്കൊ□ ഫലപ്രദമായ □ാവിപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനായി എല്ലാ ഇടവകജനങ്ങളും സഹകരിക്കണം. അതിരൂപത ഇതിനായി സമാഹരിക്കുന്ന ദുരിതാശ്വാസ നിധിയിലേയ്ക്ക് 17-ാം തീയതി ഞായറാഴ്ചയിലെ കാണിക്കയും വ്യക്തികളെന്ന നിലയിലുള്ള

സം□ാവനകളും നാം പ്രത്യേകമായി രൂപീകരിക്കുന്ന ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകണമെന്ന് സ്നേഹപൂർവ്വം അ□്യർത്ഥിക്കുന്നു.

ഈ വലിയ ദുരന്തം നേരിടുമ്പോഴും ദൈവത്തിൽ ആശ്രയിച്ച് പ്രതിബന്ധങ്ങളെയും, തടസ്സങ്ങളെയും അതിജീവിക്കാൻ നമുക്കൊറ്റക്കെട്ടായി പ്രയത്നിക്കാം.

പ്രാർത്ഥനാശംസകളോടെ,

† സൂസപാക്യം എം.
തിരുവനന്തപുരം മെത്രാപ്പോലീത്ത



***ഈ ഇടയലേഖനം 2017 ഡിസംബർ മാസം 17-ാം തീയതി ഞായറാഴ്ച വായിക്കേ താണ്.***

ദൈവത്തിനു സ്തുതി!
ദൈവജനത്തിനു സമാധാനം!

വന്ദ്യവൈദികരേ, പ്രിയ മക്കളേ,

ഈ കഴിഞ്ഞ ദിവസങ്ങളിൽ പലപ്രാവശ്യം നമ്മുടെ തീരപ്രദേശങ്ങളിലൂടെ പോകേിവന്നപ്പോൾ എന്റെ മനസ്സിൽ നിറഞ്ഞുനിന്ന വിലാപത്തിന്റെ പുസ്തകത്തിലെ തിരുവചനങ്ങളിവയാണ്:

***□□ജറുസലെം പുത്രീ, നിനക്കുവേി ഞാൻ എന്തു പറയും?***
***നിന്നെ ഞാൻ എന്തിനോടുപമിക്കും?***
***കന്യകയായ സീയോൻ പുത്രീ, നിന്നെ ആശ്വസിപ്പിക്കാൻ***
***ഞാൻ നിന്നെ എന്തിനോട് താരതമ്യപ്പെടുത്തും?***
***നിന്റെ നാശം സമുദ്രംപോലെ വിശാലമാണ്***
***ആർക്ക് നിന്നെ പുഃനരുദ്ധരിക്കാനാവും?□□ (2:13)***

നമ്മുടെ തീരപ്രദേശം ഇന്ന് ഒരു സങ്കടക്കടലാണ്. ഓഖി ചുഴലിക്കാറ്റിൽ ധാരാളംപേർ മരണമടഞ്ഞു; നൂറുകണക്കിനാളുകൾ ഇനിയും മടങ്ങി എത്താനു്. ഇനി എങ്ങോട്ടെന്നറിയാതെ പകച്ചുനില്ക്കുന്ന ധാരാളം പുരുഷന്മാരെയും മാറത്തടിച്ചു വിലപിക്കുന്ന അമ്മമാരെയും □ാവിയെക്കുറിച്ച് ഒരു നിശ്ചയവുമില്ലാത്ത കുഞ്ഞുങ്ങളെയുമൊക്കെയാണ് നാം കാണുന്നത്. എന്താണ് ഇതിനൊക്കെ കാരണം? എല്ലാവരും ചോദിച്ചുപോകുന്ന ചോദ്യമാണിത്. ദുഃഖവും ദുരിതവും പ്രയാസങ്ങളും പ്രതിസന്ധികളും പാപത്തിന്റെ ഫലങ്ങളാണെന്ന് നമ്മുടെ വിശ്വാസം പഠിപ്പിക്കുന്നു. അങ്ങനെയാണെങ്കിൽ ഈ ദുരന്തത്തിനു വിധേയരായ എല്ലാവരും പാപികളാണോ? അല്ല. യേശു

പാപരഹിതനായിരുന്നു. എങ്കിലും നമ്മുടെയൊക്കെ പാപങ്ങൾക്കു പരിഹാരം ചെയ്യുവാൻ യേശു പീഡകളേറ്റു മരിച്ചു. യേശുവിനോടൊപ്പം നിഷ്ക്കളങ്കരായ ധാരാളം വിശുദ്ധരും മറ്റുള്ളവരുടെ പാപപരിഹാരത്തിനായി പീഡകളിലൂടെയും മരണത്തിലൂടെയും കടന്നുപോയ ചരിത്രമാണ് നമുക്കുള്ളത്. ദൈവത്തിന്റെ വഴികൾ നിഗൂഢമാണ്. മരണമടഞ്ഞ നമ്മുടെ സഹോദരരും ഈ വിശുദ്ധരോടൊപ്പം സമൂഹത്തിൽ വർദ്ധിച്ചുവരുന്ന പാപങ്ങൾക്കു പരിഹാരമായി തങ്ങളെത്തന്നെ സമർപ്പിച്ചുവെന്ന് നമുക്ക് പ്രത്യാശിക്കാം.

അതേസമയംതന്നെ നമ്മുടെ ഇടയിൽ വന്നു□വിക്കുന്ന അത്യാഹിതങ്ങളെല്ലാം പാപത്തിൽനിന്നകന്നു ജീവിക്കാനുള്ള ദൈവത്തിന്റെ മുന്നറിയിപ്പായി സ്വീകരിക്കാൻ നമുക്കാവണം. ഫാത്തിമായിലെ നിഷ്ക്കളങ്കരായ മൂന്നു കുഞ്ഞുങ്ങളിലൂടെ ലോകത്തിനു വന്നു□വിക്കാൻ പോകുന്ന മഹാ ദുരിതങ്ങളെക്കുറിച്ച് പരിശുദ്ധ അമ്മ മുന്നറിയിപ്പ് നല്കുകയുായി. ദുരന്തങ്ങളിൽനിന്നകലുവാനായി പാപം ചെയ്യരുതെന്നും പ്രാർഥനയിലൂടെയും പ്രായശ്ചിത്തത്തിലൂടെയും ജീവിതത്തെ വിശുദ്ധീകരിക്കണമെന്നും അമ്മ നമ്മെ ഉപദേശിക്കുകയുായി. പരിശുദ്ധ അമ്മയുടെ ഈ ആഹ്വാനം ഗൗരവമായിട്ടെടുത്തുകൊ് ഇന്ന് ഒന്നിനൊന്നു വർദ്ധിച്ചുവരുന്ന മദ്യപാനം, മയക്കുമരുന്ന്, ധൂർത്ത്, ആഢംബരം, ഗർ□ച്ഛിദ്രം തുടങ്ങിയ തിന്മകളിൽനിന്ന് അകന്നു ജീവിക്കുവാൻ നാം സന്നദ്ധരാകുമോ? പാപത്തിന്റെ ഫലം നിഷ്ക്കളങ്ക ജീവിതങ്ങളെക്കൂടി നശിപ്പിക്കുന്ന മരണമാണെന്ന് നാമോർക്കണം. ഇപ്പോൾ നാം ആഗ്രഹിക്കുന്ന പുഃനരധിവാസ പ്രവർത്തനങ്ങളെല്ലാം ഫലപ്രദമാകണമെങ്കിൽ ആത്മാർത്ഥമായ മാനസാന്തരത്തിൽ നിന്നുവേണം അതു തുടങ്ങാൻ.

ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെടുകയും കാണാതാവുകയും ചെയ്തവരെ എങ്ങനെ ആശ്വസിപ്പിക്കണമെന്ന് നമുക്കറിയില്ല. വിലപിക്കുന്നവരുടെ മുമ്പിൽ പലപ്പോഴും നിശ്ശബ്ദരായി നിൽക്കുവാനേ നമുക്കു സാധിക്കുകയുള്ളൂ. എങ്കിലും വേദനിക്കുന്നവരോടു ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊ് ഈ 11-ാം തീയതി അനന്തപുരിയിൽ സ്നേഹത്തോടും നിശ്ചയദാർഢ്യത്തോടുംകൂടി ഒഴുകിയെത്തിയ അനേകായിരങ്ങൾ ഒരു നല്ല പരിധിവരെ ആശ്വാസത്തിന്റെ സ്രോതസ്സായിരുന്നു; മനസ്സുവച്ചാൽ ഒത്തൊരുമിച്ച് പുതിയൊരു



സംസ്ക്കാരം നമ്മുടെ ഇടയിൽ വാർത്തെടുക്കാൻ സാധിക്കും എന്നതിന്റെ തെളിവായിരുന്നു.

□ദ്രാസന ദൈവാലയത്തിൽനിന്നും രാജ്□വനിലേക്ക് നാം നടത്തിയ ഈ സഹനയാത്രയിൽ സംബന്ധിക്കാനെത്തിയ നമ്മുടെ അതിരൂപതാംഗങ്ങൾ നമ്മുടെ കണക്കുകൂട്ടലുകൾക്കപ്പുറമായിരുന്നു. ഇതിന് തുറമുടക്കിയും തൊഴിൽ മുടക്കിയും ത്യാഗപൂർവ്വം സമചി□ത്തതയോടും ഐക്യത്തോടും ബഹുജനറാലിയിൽ പങ്കുചേർന്ന് നമ്മുടെ വേദനകളും ആശങ്കകളും ഉത്തരവാദിത്വപ്പെട്ടവരെയും പൊതുസമൂഹത്തെയും അറിയിക്കാൻ മുന്നോട്ടുവന്നതിന് നിങ്ങളെല്ലാവർക്കും ഞാൻ നന്ദി പറയുന്നു. ഇത്തരുണത്തിൽ നമ്മോട് സഹാനു□ൂതിയും ഐക്യദാർഢ്യവും പ്രകടിപ്പിക്കാൻ സ്വമേധയാ വന്ന മറ്റ് രൂപതാ മേലദ്ധ്യക്ഷന്മാരെയും ഇതര മത-സാംസ്ക്കാരിക നായകന്മാരെയും പ്രതിനിധികളെയും സംഘടനകളെയും വ്യക്തികളെയും നന്ദിയോടെ സ്മരിക്കുന്നു. മാധ്യമസഹോദരങ്ങൾ നിർവ്വഹിച്ചുകൊിരിക്കുന്ന ധാർമ്മിക ഉത്തരവാദിത്വത്തെ അതിരൂപതയുടെ പേരിൽ ഞാൻ പ്രശംസിക്കുകയാണ്. റാലിയ്ക്കുശേഷം അവിടെയുായിരുന്ന എല്ലാ പ്ലാസ്റ്റിക്കുകളും പേപ്പറും പെറുക്കിയെടുത്ത് നഗരത്തെ വൃത്തിയാക്കാൻ കാണിച്ച മത്സ്യത്തൊഴിലാളികളുടെയും സംഘടനകളുടെയും മാതൃകാപരമായ സത്കർമ്മം പത്രമാധ്യമങ്ങൾ പ്രശംസിച്ചത് കപ്പോൾ എനിക്ക് നിങ്ങളെയോർത്ത് സന്തോഷവും അ□ിമാനവും തോന്നി. ഇന്നും വിരഹത്തിന്റെയും വേർപാടിന്റെയും കടലിരമ്പൽ അവസാനിച്ചിട്ടില്ലെങ്കിലും നഗരത്തെ സഹനക്കടലാക്കിയ എല്ലാ ഇടവകകളെയും കമ്മിറ്റി അംഗങ്ങളെയും വൈദികരുടെ ത്യാഗപൂർണ്ണമായ നേതൃത്വത്തെയും നന്ദിയോടെ ഓർക്കുന്നു.

രാജ്□വൻ മാർച്ചിനുശേഷം അടുത്ത ദിവസംതന്നെ 12-ാം തീയതി ഗവർണറെ നേരിൽ ക് നമ്മുടെ വേദനയും ആശങ്കകളും ആവശ്യങ്ങളും എത്രയുംവേഗം കേന്ദ്രസർക്കാരിനെ അറിയിക്കണമെന്നും വേ നടപടികൾ ഉടനെ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു. വളരെ അനുകൂലവും അനു□ാവപൂർണ്ണവുമായ ഒരു സമീപനമാണ് അദ്ദേഹത്തിൽനിന്ന് ല□ിച്ചത്. പലപ്രാവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ഉത്തരവാദിത്വപ്പെട്ടവരെയും സന്ദർശിച്ച് കാര്യങ്ങളുടെ ഗൗരവം ഒന്നുകൂടി ബോധ്യപ്പെടുത്തുകയുായി. പ്രഖ്യാപിച്ച ദുരി

താശ്വാസ പ്രവർത്തനങ്ങളും പുഃനരധിവാസ പദ്ധതികളും നിറവേറ്റാൻ ഒരുവിധത്തിലും കാലതാമസം വരുത്തുകയില്ലെന്ന് അവരെല്ലാം ഉറപ്പുനല്കുകയുായി.

അന്നേ ദിവസംതന്നെ ഓഖി ദുരന്തത്തിന് ഇരയായ നമ്മുടെ തൂത്തൂർ ഫെറോനയിലെ മക്കളെ കാണാൻ ബഹു. തമിഴ്നാട് മുഖ്യമന്ത്രി, ധനകാര്യമന്ത്രി, ഫിഷറീസ് മന്ത്രി, കളക്ടർമാർ, വകുപ്പ് സെക്രട്ടറിമാർ എന്നിവർ ഉൾപ്പെടുന്ന വലിയ ഒരു സംഘം വന്നിരുന്നു. മുഖ്യമന്ത്രി ഈ ദുരന്തത്തിന്റെ പരിണിതഫലം അനു□വിക്കുന്ന അമ്മമാരെയും മത്സ്യത്തൊഴിലാളികളെയും നേരിൽ കാണുകയുായി. കോട്ടാർ രൂപതാദ്ധ്യക്ഷൻ നമ്മുടെ ആവശ്യങ്ങളും ആശങ്കകളും ആഗ്രഹങ്ങളും വളരെ വ്യക്തമായി മുഖ്യമന്ത്രിയുടെ മുമ്പിൽ അവതരിപ്പിച്ചു.

അവിടെ നമ്മുടെ വൈദികരുടെയും പ്രത്യേകം നിയുക്തരായ വിശ്വാസികളുടെയും സമിതികളുടെയും സാന്നിദ്ധ്യവും ഇടപെടലുകളും തികച്ചും മാതൃകാപരമായിരുന്നു. ഏതാ് കേരളത്തിൽ ല□ിച്ചതുപോലുള്ള ഒരു പുഃനരധിവാസ പദ്ധതി മുഖ്യമന്ത്രി പ്രഖ്യാപിക്കുകയുായി. തികച്ചും തൃപ്തികരമല്ലായിരുന്നുവെങ്കിലും ഇക്കാര്യത്തിൽ കുറെയേറെ മുന്നോട്ടുപോയതിന്റെ സംതൃപ്തി എല്ലാവർക്കുമു ്.

എത്രയുംവേഗം ഉായ നാശനഷ്ടങ്ങളും അവശതയനു□വിക്കു□ന്നവരുടെ ആവശ്യങ്ങളും വിലയിരുത്തുവാനും സർക്കാർ വാഗ്ദാനം ചെയ്ത ദുരിതാശ്വാസ പാക്കേജിനോടൊപ്പം സ□ാതലത്തിൽ അതിരൂപത - ഇടവക തലങ്ങളിൽനിന്നും സാദ്ധ്യമായ വി□വങ്ങളെല്ലാം സമാഹരിച്ച് സന്മനസ്സുള്ള അ□്യൂദയകാംക്ഷികളുടെ സം□ാവനകളോടൊപ്പം പടിപടിയായ ഒരു പുഃനരധിവാസ പദ്ധതിക്ക് രൂപം കൊടുത്തുകൊിരിക്കുകയാണ്. സമാഹരിക്കുന്ന സം□ാവനകളൊന്നും തന്നെ ഒരു പൈസപോലും ചോർന്നുപോകാതെ അങ്ങേയറ്റം സുതാര്യമായി ഈ പദ്ധതി മുന്നോട്ടുകൊുപോകാൻ നമുക്കാവണം. സാഹചര്യങ്ങൾ മുതലെടുക്കുവാൻ ആരെയും അനുവദിക്കരുത്. സ്വാർത്ഥതയോടെ എനിക്ക് എന്തുകിട്ടുമെന്നല്ല, ത്യാഗമനോ□ാവത്തോടെ അപരന് എന്തുകൊടുക്കാൻ സാധിക്കുമെന്ന് ചിന്തിക്കേസമയമാണിത്. പലതുള്ളി പെരുവെള്ളമെന്നാണല്ലോ പറയു□ന്നത്.



ഇതുപോലെ സ്നേഹത്തോടെ പരസ്പരം സഹകരിച്ച് മുന്നോട്ടുപോയാൽ ഇന്നത്തെ പ്രതിസന്ധിയെ തരണം ചെയ്യുക മാത്രമല്ല, വികസനത്തിന്റെ പാതയിലൂടെ മുന്നോട്ടുപോകാൻ നമുക്കു സാധിക്കുകതന്നെ ചെയ്യും.

കൊടുങ്കാറ്റിന്റെ ദുരിതത്തിനു വിധേയമായ കുടുംബങ്ങളെ നേരിട്ട് സന്ദർശിച്ച് അവരെ ആശ്വസിപ്പിക്കുവാനും അവർക്കുവേി പ്രാർഥിക്കുവാനും ഞാൻ ശ്രമിച്ചുകൊിരിക്കുകയാണ്. ദുരന്തവുമായി ബന്ധപ്പെട്ട് പൊതുകാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കാനുായിരുന്നതുകൊ് ആഗ്രഹിച്ചതുപോലെ എല്ലാ സ്ഥലത്തും ഓടിയെത്തുവാനോ സന്ദർശനം പൂർത്തിയാക്കുവാനോ ഇനിയും സാധിച്ചിട്ടില്ല. അവശതയനു□വിക്കുന്നവരുടെ എണ്ണവും എന്റെതന്നെ സമയത്തിന്റെ പരിമിതിയും നിങ്ങൾ മനസ്സിലാക്കുമെന്ന് എനിക്കറിയാം. അതിരൂപതാദ്ധ്യക്ഷനായ ഞാൻ മറ്റുള്ളവരെപ്പോലെ ദുരിതത്തിന്റെ ആവസരത്തിൽ ഓടിവന്ന് നിങ്ങളെ സന്ദർശിക്കുകയും എന്തെങ്കിലും പ്രശ്നപരിഹാരം നിർദ്ദേശിച്ചശേഷം പിരിഞ്ഞുപോകേവനുമല്ല. അവസാനംവരെ നിങ്ങളോടൊപ്പംനിന്ന് നിങ്ങളെ അനുഗമിക്കേ എന്റെ കടമ ഞാൻ മനസ്സിലാക്കുന്നു. വിമർശിക്കു□ന്നവർ പലരുമു്. മാനുഷികമായ കുറവുകൾ സ്വാ□ാവികമാണല്ലോ. വിമർശനങ്ങളിൽ തളരാതെ പരസ്പരം സഹായിച്ചുകൊ് സംഘടിതമായി മുന്നോട്ടുപോകുവാൻ നമുക്കു ശ്രമിക്കാം.

രാജ്□വൻ മാർച്ചിന്റെ പിറ്റേദിവസംതന്നെ അതിരൂപതയിലെ ഉത്തരവാദിത്വപ്പെട്ടവർ ഒന്നിച്ചുകൂടി ഇന്നത്തെ സാഹചര്യങ്ങൾ വിലയിരുത്തുകയും തുടർപരിപാടികൾക്ക് തുടക്കംകുറിക്കുകയും ചെയ്തു. രക്ഷാപ്രവർത്തനങ്ങളിൽ ശ്രദ്ധിക്കുവാനും തീരദേശത്തിന്റെ സമഗ്രവളർച്ച ഉന്നംവച്ചുകൊ് പുനഃരധിവാസ പരിപാടികൾ മുന്നോട്ടുകൊുപോകാനും അതിരൂപത ഏകോപനസമിതിക്കും വ്യത്യസ്ത പരിപാടികൾക്ക് നേതൃത്വം നൽകാൻ ഏതാനും കർമ്മസമിതികൾക്കും രൂപം നല്കുകയുായി.

ഡിസംബർ 29-ാം തീയതി ഓഖി ദുരന്തം സം□വിച്ച് ഒരുമാസം തികയുകയാണ്. അന്നേദിനം മരണമടഞ്ഞവരെയും കാണാതായവരെയും അനുസ്മരിച്ചുകൊ് വൈകുന്നേരം 5 മണിക്ക് തിരുവനന്തപുരം സെന്റ് ജോസഫ്സ് സ്കൂൾ ആഡിറ്റോറിയത്തിൽവച്ച്

ദിവ്യബലിയും അനുസ്മരണ സമ്മേളനവും ഉായിരിക്കും. ഈ ദിവ്യബലിയിലും സമ്മേളനത്തിലും സാധിക്കുന്ന എല്ലാവരും പ്രത്യേകിച്ച്, വൈദികരും സന്യസ്തരും ഇടവക പ്രതിനിധികളും സംബന്ധിക്കേ താണ്.

തദവസരത്തിൽ അതിരൂപതയുടെ ഒന്നാംഘട്ട പുഃനരധിവാസ പദ്ധതിയുടെ ഒരു ഏകദേശ രൂപം നല്കുന്നതായിരിക്കും. ഈ ദുരിതാശ്വാസനിധിയിലേയ്ക്ക് ഉദാരമായ സം□ാവനകൾ നൽകാൻ എല്ലാ ഇടവകകളെയും സ്ഥാപനങ്ങളെയും സന്യാസമന്ദിരങ്ങളെയും സന്നദ്ധ സംഘടനകളെയും സുമനസ്സുകളെയും ക്ഷണിക്കുന്നു. 17-ാം തീയതി നാം ഇടവകകളിൽ എടുക്കുന്ന കാണിക്കയും സം□ാവനകളും പൂർണ്ണമായും ഈ പുനഃരധിവാസത്തിനായി പ്രയോജനപ്പെടുത്തുന്നതാണ്.

ക്രിസ്മസിന് ഒരുങ്ങേ കാലഘട്ടമാണിത്. തെരുവുകളിൽ നക്ഷത്രവിളക്കുകളും കൊടിതോരണങ്ങളും കാണാൻ തുടങ്ങിയിട്ടു്. ഇന്നത്തെ ഈ സാഹചര്യത്തിൽ നമ്മുടെ ക്രിസ്മസ് ആഘോഷങ്ങളുടെ സ്ഥിതി എന്താവും? □യപ്പെടേ, ക്രിസ്മസിന്റെ യഥാർത്ഥ അരൂപി ഉൾക്കൊു കൊ് അർത്ഥപൂർണ്ണമായ രീതിയിൽ നമുക്കും ക്രിസ്മസ് ആഘോഷിക്കനാവും. ക്രിസ്മസ് രാത്രിയിൽ തിരുക്കുടുംബം, പരിശുദ്ധ കന്യകാമാതാവും യൗസേപ്പിതാവും അനു□വിച്ച അവഗണനയുടെയും വേദനയുടെയും ഫലമായിരുല്ലോ തിരുപ്പിറവി. കടുത്ത വേദനയുടെ നടുവിലും നമ്മുടെ ഹൃദയത്തിൽ ജനിക്കുന്ന യേശുവിന്റെ സ്നേഹവും നമ്മെ ആശ്വസിപ്പിക്കാനായി നമ്മുടെ മദ്ധ്യേ വസിക്കുന്ന അവിടുത്തെ സാന്നിദ്ധ്യവും അനു□വിച്ചുകൊ് നമുക്ക് ക്രിസ്മസ് ആഘോഷിക്കാം.

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

സ്നേഹപൂർവ്വം

□ **മോസ്റ്റ് റവ. ഡോ. സൂസപാക്യം എം**
**തിരുവനന്തപുരം മെത്രാപ്പോലീത്ത**

***ഈ ഇടയലേഖനം 2017 ഡിസംബർ മാസം 17-ാം തീയതി ഞായറാഴ്ച വായിക്കേ താണ്.***





# JANUARY - 2018

## *WISH YOU ALL A HAPPY NEW YEAR*

**B. BIRTHDAYS**

| | | |
|---|---|---|
| 1. | Rev. Fr. Jose Karekatt msfs | 01.01.1962 |
| 2. | Rev. Fr. Biju Vadakkumchery, S.J | 07.01.1975 |
| 3. | Rev. Fr. Judith Pius Lawrence | 08.01.1980 |
| 4. | Rev. Fr. Theodacious A. D'Cruz | 10.01.1969 |
| 5. | Rev. Dr. Edison Y. M. | 11.01.1975 |
| 6. | Rev. Fr. Victor J. Everystus IV Dei | 12.01.1981 |
| 7. | Rev. Dr. Hyacinth M. Nayakam | 13.01.1957 |
| 8. | Rev. Fr. Abraham Thylammanal SAC | 14.01.1948 |
| 9. | Rev. Fr. Jijo George Palliparambil | 14.01.1973 |
| 10. | Rev. Fr. John Dall | 14.01.1984 |
| 11. | Rev. Fr. Malbin Soosai | 15.01.1978 |
| 12. | Rev. Dr. Michael Thomas | 16.01.1972 |
| 13. | Rev. Fr. Jose Franklin B. | 19.01.1973 |
| 14. | Rev. Fr. Augustine Kallunkal, S.J. | 22.01.1947 |
| 15. | Rev. Fr.Stephen Mukkattil Sdb | 24.01.1952 |
| 16. | Rev. Fr. Albert M. | 25.01.1963 |
| 17. | Rev. Fr. Romance L. | 27.01.1942 |
| 18. | Rev. Fr. Fredy Solomon | 28.01.1976 |
| 19. | Rev. Fr. Daniel R. | 28.01.1988 |
| 20. | Rev. Fr. Vishal V | 28.01.1988 |
| 21. | Rev. Fr. Pancretius A. | 28.01.1955 |
| 22. | Rev. Fr. Thomas Pattathilchira CMF | 31.01.1971 |

## B. ORDINATION ANNIVERSARIES

| | | |
|---|---|---|
| 1. | Rev. Fr. George Kooliath OFM Cap | 02.01.1984 |
| 2. | Rev. Fr. Pious Vachaparambil .S.J. | 02.01.1994 |
| 3. | Rev. Fr. Jose Suresh Ofm, Cap | 02.01.2007 |
| 4. | Rev. Fr. George Kooliath OFM Cap | 02.01.1984 |
| 5. | Rev. Fr. Anto Joris | 03.01.2000 |
| 6. | Rev. Fr. Dasappan S.J. | 03.01.2004 |
| 7. | Rev. Fr. Anoop Kalathithara OSJ | 04.01.2011 |
| 8. | Rev. Fr. Jose Pulinthanath S.J | 05.01.2002 |
| 9. | Rev. Fr. Joseph Roy, Ofm Cap | 05.01.2002 |
| 10. | Fr. Sunil Padannamakkel SJ | 06.01.2008 |
| 11. | Rev. Fr. Jose G | 07.01.1998 |
| 12. | Rev. Fr. Shaju William | 07.01.1998 |
| 13. | Rev. Fr. Thomas Pattathilchira CMF | 07.01.2002 |
| 14. | Rev. Fr. Sebastian Pallickal OSJ | 07.01.2003 |
| 15. | Rev. Fr. Peter Thachethu OCD | 11.01.2013 |
| 16. | Rev Fr. Sanil Sebastian | 20.01.2016 |
| 17. | Rev. Fr. Anit Mavathara M.S. | 21.01.2017 |
| 18. | Rev. Fr. Augustine Kallunkal, S.J | 22.01.1947 |
| 19. | Rev. Fr. Joseph Nicholas OCD | 23.01.1999 |
| 20. | Rev. Fr. Joseph Puzhakkara, OCD | 24.01.2011 |
| 21. | Rev. Fr. Palathanadil Sabu SJ | 29.01.2005 |



## C. OBITUARY

Rev. Fr. Richard D' Cruz s/o Rajappan and Mary (78 years), incardinated in the Latin Archdiocese of Trivandrum, is called to Eternal Rest on 21.12.2017. The mass for the deceased was offered in the St. Joseph's Cathedral, Palayam on 23.12.2017 at 9 am and the burial was done at Pattoor cemetery. He served in many of the parishes in Trivandrum and Neyyattinkara dioceses like Palayam, Nanthencode, Kochuveli, Valiyaveli, Poovar, Vizhinjam, Kollemcode, Poonthura , Adimalathura, Paruthiyoor, Pulluvila, Puthiyathura, Thevanpara, Thachancode, Kiliyoor, Vattapara. Requesting your prayers.

## D.DECEASED PRIESTS

| | | |
|---|---|---|
| 1. | Rev. Fr. Alphonse G. Fernandez | 02.01.1980 |
| 2. | Rev. Fr. Andrew J. | 02.01.2009 |
| 3. | Very Rev. Msgr. Mark Fernandez | 05.01.1970 |
| 4. | Rev. Fr. Sebastian George | 24.01.1989 |
| 5. | Rev. Fr. Varghese G. | 24.01.1978 |
| 6. | Rev. Fr. Charles OCD | 31.01.1952 |

## E. APPOINTMENT ORDERS

### APPOINTMENT ORDER-1

**SOOSA PAKIAM M.**

**BY THE GRACE OF GOD AND FAVOUR OF THE**

**APOSTOLIC SEE ARCHBISHOP OF TRIVANDRUM**

Prot. No. 2017/AB/603
09 December 2017

Very Rev. Msgr. George Paul A.
Vicar Forane of Puthukurichy Forane &
Parish Priest, St. Joseph's Church, Kazhakuttom,
Trivandrum - 695 582,Kerala, India

By virtue of this letter I appoint you to be
**VICAR FORANE OF KAZHAKUTTOM VICARIATE**

With all the faculties, duties rights and privileges which pertain to this office according to the Code of canon Law (Canons 533 to 555) and the Archdiocesan Decrees and Statutes and approved custom.

Please take charge of your new Vicariate/ Forane on or before the date of appointment noted below after making the Profession of



Faith (Canon 833) and Oath of Fidelity (as per the instruction of the Sacred Congregation for the Doctrine of Faith) before my Delegate who is requested to receive the same and install you.

Date of appointment to be effected on or before
**12th December 2017**

Delegate
**Very Rev. Msgr. Eugine H. Pereira**

Yours in Jesus and Mary,

Rev. Dr. Edison Y.M.
† Soosa Pakiam M.,
Chancellor
Archbishop of Trivandrum

**Copy to:** 1. Most Rev. Dr. Christudas R, Auxiliary Bishop of Trivandrum.
2. Very Rev. Msgr. Eugene H. Pereira, Vicar General, Archdiocese of Trivandrum
3. To all the Priests of Kazhakuttam Forane

APPOINTMENT ORDER-2

**SOOSA PAKIAM M.**

**BY THE GRACE OF GOD AND FAVOUR OF THE**

**APOSTOLIC SEE ARCHBISHOP OF TRIVANDRUM**

Prot. No. 2017/AB/604
09 December 2017

Very Rev. Msgr. Wilfred E.
MD, Marian Engineering College
Menamkulam, Kazhakuttom P.O.,
Trivandrum - 695 582

By virtue of this letter I appoint you to be
**VICAR FORANE OF PUTHUKURICHY VICARIATE**

With all the faculties, duties rights and privileges which pertain to this office according to the Code of canon Law (Canons 533 to 555) and the Archdiocesan Decrees and Statutes and approved custom.

Please take charge of your new Vicariate/ Forane on or before the date of appointment noted below after making the Profession of



Faith (Canon 833) and Oath of Fidelity (as per the instruction of the Sacred Congregation for the Doctrine of Faith) before my Delegate who is requested to receive the same and install you.

Date of appointment to be effected on or before
**12th December 2017**

Delegate **Very**
**Rev. Msgr. Eugine H. Pereira**

Yours in Jesus and Mary,

Rev. Dr. Edison Y.M.
† Soosa Pakiam M.,
Chancellor
Archbishop of Trivandrum

**Copy to:** 1. Most Rev. Dr. Christudas R, Auxiliary Bishop of Trivandrum.
2. Very Rev. Msgr. Eugene H. Pereira, Vicar General, Archdiocese of Trivandrum
3. Very Rev. Msgr. George Paul A., Vicar Forane of Puthukurichy Forane.
4. To all the Priests of Puthukurichy Forane

**APPOINTMENT ORDER-3 Rev. Fr. Ashlin Jose** - appointed as Bursar of Marian College of Arts & Science Menamkulam, Kazhakuttom with effect 12th December 2017.

## F. LIST OF ARCHDIOCESAN HOLIDAYS - 2018

A. All Sundays and Second Saturdays

B. All Holidays declared by the Universal Church

C. The following days:

| | | |
|---|---|---|
| January | 01 | Solemnity of Mother of God |
| January | 26 | Republic Day |
| February | 02 | Episcopal Ordination Anniversary of Our Archbishop |
| March | 19 | Feast of St. Joseph (Archbishop's Patron's Feast day) |
| March | 29, 30, 31, 1 | Easter Triduum (Thursday, Friday, Saturday& Sunday) |
| May | 01 | Feast of St. Joseph the Worker |
| August | 15 | Solemnity of Assumption & Independence Day |
| August | 24, 25,26 | Onam Holidays (Friday, Saturday & Sunday ) |
| October | 02 | Gandhi Jayanthi Day |
| November | 01 or 02 | Afternoon - All Souls Day |
| November | 16 | Friday Afternoon |
| November | 24 | Saturday Afternoon - Christ the King Feast |
| November | 25 | Feast of Bishop Christudas |
| December | 23 - 26 | Christmas Holidays (Sunday, Monday, Tuesday & Wednesday) |

## അതിരൂപതാതല പ്രവർത്തനങ്ങൾ

2017 നവംബർ മാസം 29, 30 തീയതികളിൽ നമ്മുടെ തീരങ്ങളിലും കടലിലും നിന്നുമായി നൂറുക്കണക്കിന് വിലപ്പെട്ട ജീവനുകളെയും, ജീവിതോപാധികളെയും, ഭവനങ്ങളെയും അപഹരിച്ചു കൊണ്ട് ആഞ്ഞടിച്ച ഓഖി ചുഴലികൊടുങ്കാറ്റിന്റെ ദുരന്തത്തിൽ നിന്നും നമ്മുടെ തീരവും തീരജനവും ഇനിയും മുക്തി നേടിയിട്ടില്ലാ എന്നത് വലിയൊരു സത്യമാണ്. ഈ പശ്ചാത്തലത്തിൽ ഡിസംബർ മാസം 3-10 തീയതികളിൽ പൂത്തുറ ഇടവകയിൽ നടത്താനിരുന്ന ഹോം മിഷൻ മാറ്റിവച്ചുകൊണ്ട് അടിയന്തിര സ്വഭാവം മനസിലാക്കി ഓഖി ദുരന്തത്തിനിരയായവരുടെ ദുരിതാശ്വാസ - പുനരധിവാസ പ്രവർത്തനങ്ങൾക്കായിരുന്നു അതിരൂപത ബി.സി.സി. - ഹോം മിഷൻ ടീമും ഇതര ശുശ്രൂഷാ സമിതികളും സംയുക്തമായി പ്രവർത്തിച്ചത്.

ബി.സി.സി. - ഹോം മിഷൻ ടീം പ്രധാനമായും ശ്രദ്ധയൂന്നിയത്, ഓഖി ദുരന്തത്തിൽ നിന്നും രക്ഷപ്പെട്ട് ആശുപത്രികളിൽ ചികിത്സയിൽ കഴിഞ്ഞവരെയും മരണമടഞ്ഞവരെയും ഇനിയും തിരികെ എത്താത്തവരുടെയും ഭവനങ്ങൾ സന്ദർശിക്കുവാനും വേർപാടിലും നഷ്ടത്തിലും വേദനിച്ച് കഴിയുന്നവരെ സമാശ്വാപ്പിക്കുവാനുമായിരുന്നു. ഇതിന്റെ ഭാഗമായി ഡിസംബർ നാലും അഞ്ചും തീയതികളിൽ എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. മൈക്കൾ തോമസ് ബന്ധപ്പെട്ട മറ്റ് വൈദികരോടൊപ്പം മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, ഫോർട്ട് ഗവ. ആശുപത്രി എന്നിവിടങ്ങളിൽ ഓഖി ദുരന്തത്തിൽ നിന്നും രക്ഷപ്പെട്ട് ചികിത്സയിൽ കഴിഞ്ഞവരെ സന്ദർശിച്ച് സാന്ത്വനമേകുകയും ആശുപത്രിയിലെയും സർക്കാർ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് അവർക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ ചെയ്തുകൊടുക്കുവാൻ വേണ്ട ക്രമീകരണം നടത്തി, ഇതേ ടീം ആരോഗ്യമന്ത്രി, ആരോഗ്യ സെക്രട്ടറി, ആയുഷ് സെക്രട്ടറി, ആശുപത്രി അധികൃതർ എന്നിവരുമായി ചർച്ച നടത്തി ചികിത്സാ സംബന്ധമായ നടപടി ക്രമങ്ങൾ ത്വരിതപ്പെടുത്തുവാൻ വേണ്ട ക്രമീകരണം ചെയ്തു. ഡിസംബർ 7-ാം തീയതി ബി.സി.സി. എക്സിക്യൂട്ടീവ് സെക്രട്ടറിയും കുടുംബശുശ്രൂഷാ



സമിതി ഡയറക്ടറുമായി പുല്ലുവിള ഫെറോനയിലെ ദുരിത ബാധിത ഇടവകകൾ സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി.

ഡിസംബർ 5 -7 വരെയുള്ള തീയതികളിൽ ബി.സി.സി. ആനിമേറ്റർ സിസ്റ്റർമാരും ഹോം മിഷൻ ടീമിലെ സിസ്റ്റേഴ്സും മെഡിക്കൽ കോളേജിലെയും ജനറൽ ആശുപത്രിയിലേയും ഓഖി ദുരന്തത്തിൽ ആശുപത്രി കളിൽ ചികിത്സയിൽ കഴിയുന്ന രോഗികളെ സന്ദർശിച്ച് കൗൺസിലിംഗിലൂടെയും പ്രാർത്ഥനയിലൂടെയും മാനസിക, ആദ്ധ്യാത്മിക പിന്തുണയും ആശ്വാസവും നൽകി. ഡിസംബർ 7, 8 തീയതികളിൽ പൂന്തുറ ഇടവകയിൽ നിന്നും മരണമടഞ്ഞവരുടെയും കാണാതായവരുടെയും കുടുംബങ്ങൾ സന്ദർശിച്ച് പ്രാർത്ഥനയിലൂടെയും കൗൺസിലിംഗിലൂടെയും ആശ്വാസമേകി.

ഡിസംബർ 14 -16 തീയതികളിൽ അതിരൂപതാ ബി.സി.സി. - ഹോം മിഷൻ ടീം, കുടുംബപ്രേഷിത ശുശ്രൂഷയുടെ കീഴിലുള്ള കൗൺസലിംഗ് ഫോറത്തിലെ അംഗങ്ങൾ, ടി.എസ്.എസ്.എസ്. സ്റ്റാഫ് കളമശേരി രാജഗിരി സോഷ്യൽ സയൻസ് കോളേജിലെ രണ്ടാം വർഷ എം.എസ്.ഡബ്ല്യൂ. വിദ്യാർത്ഥികളും അദ്ധ്യാപകരുമടങ്ങുന്ന 50 അംഗങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ അതിരൂപതയിലെ ഓഖി ദുരന്തത്തിനിരയായ എല്ലാ ഇടവകകളിലേയും മരണമടഞ്ഞവരുടെയും കാണാതായവരുടെയും കുടുംബങ്ങൾ സന്ദർശിച്ച് കുടുംബാംഗങ്ങളെ ശ്രവിച്ച്, അവർക്കുവേണ്ടി പ്രാർത്ഥിച്ചും കൗൺസിലിംഗ് നൽകിയും സമാശ്വസിപ്പിക്കുകയുണ്ടായി.

ഡിസംബർ 27, 28 തീയതികളിൽ ചിന്നത്തുറ, തൂത്തൂർ, വള്ളവിള, നീരോടി എന്നീ ഇടവകകളിൽ നിന്നുമുള്ള പ്രത്യേക അഭ്യർത്ഥനയെ തുടർന്ന് ബി.സി.സി. - ഹോം മിഷൻ ടീമിലെ സിസ്റ്റർമാരും കുടുംബപ്രേഷിത ശുശ്രൂഷാ ടീമുമായി മരണമടഞ്ഞവരുടെയും തിരികെ എത്താത്തവരുടെയും കുടുംബങ്ങൾ വീണ്ടും സന്ദർശിച്ച് കൗൺസിലിംഗും പ്രാർത്ഥനയും നടത്തി.

# അജപാലനശുശ്രൂഷ

## ബൈബിൾ കമ്മിഷൻ

**A. പ്രവർത്തന റിപ്പോർട്ട്**

**1) വചനം 2018**

2014 മുതൽ തിരുവനന്തപുരം അതിരൂപത അജപാലനശുശ്രൂഷ സമിതി പുറത്തിറക്കുന്ന "വചനം" ബൈബിൾ ഡയറി ഇക്കൊല്ലവും പുറത്തിറങ്ങിയിട്ടുണ്ട്. വില 150 രൂപ. ഇടവകകളിൽ വിതരണത്തി നായി ഏല്പിച്ചിട്ടുണ്ട്. ഏവരും ഇത് വാങ്ങുക.

**2) ബൈബിൾ പാരായണം**

ഡിസംബർ മാസം ബൈബിൾ പാരായണ മാസമായി ആച രിക്കുന്നതിന്റെ ഭാഗമായി എല്ലാ ഇടവകകളിലും ബൈബിൾ പ്രതിഷ്ഠയും ബൈബിൾ പാരായണവും നടത്തി. ഭവനങ്ങളിലും യൂണിറ്റുകളിലും ദൈവാലയങ്ങളിലും അഖണ്ഡ ബൈബിൾ പാരാ യണം സംഘടിപ്പിച്ചു.

**3) ബൈബിൾ ഞായർ**

**ഡിസംബർ 31** ബൈബിൾ ഞായറായി ആചരിച്ചു. അന്നേ ദിവസം ദിവ്യബലിയിൽ ബൈബിൾ പാരായണത്തിന്റെ പ്രധാ ന്യത്തെക്കുറിച്ച് വൈദികർ ജനങ്ങളെ ഉദ്ബോധിപ്പിച്ചു.

**B. അറിയിപ്പ്**

**1) വചനം 2018 (ബൈബിൾ ഡയറി 2018)**

"വചനം 2018" വില - 150/- രൂപ

**2) സദ്ബോധന ബൈബിൾ സ്ക്കൂൾ 2018**

ബൈബിൾ പഠിക്കാൻ തിരുവനന്തപുരം അതിരൂപത ബൈബിൾ കമ്മിഷൻ ഒരുക്കുന്ന **"സദ്ബോധന ബൈബിൾ സ്ക്കൂൾ"** നാലാം ബാച്ചിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിക്കു ന്നു. **10** യൂണിറ്റുകളായി തിരിച്ച് **10** മാസം നീണ്ടുനിൽക്കുന്ന ബൈബിൾ പഠനമാണ് ഒരുക്കിയിട്ടുള്ളത്. ഓരോ യൂണിറ്റും വിജയകരമായി പൂർത്തിയാക്കുന്നവർക്ക് അതിരൂപത ഒരു പ്രധാന പരിപാടിയിൽ അതിരൂപതാദ്ധ്യക്ഷൻ **"Diploma in Biblical Studies"**



സർട്ടിഫിക്കറ്റ് നല്കി ആദരിക്കുന്നതായിരിക്കും. 2018 ജനുവരി 31-ാം തിയതിക്ക് മുമ്പായി അപേക്ഷ ഫോറം പൂരിപ്പിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ക്ലാസ്സുകൾ സംഘടിപ്പിക്കുന്ന തിയതികൾ : **2018 ഫെബ്രുവരി 17, മാർച്ച് 17, ഏപ്രിൽ 21, മെയ് 19, ജൂൺ 16, ജൂലൈ 21, ആഗസ്റ്റ് 18, സെപ്തംബർ 15, ഒക്ടോബർ 20, നവം ബർ 17.** ക്ലാസ്സുകൾ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടത്തുന്നു. രാവിലെ 9.30-ന് ആരംഭിക്കുന്ന ക്ലാസ്സുകൾ വൈകു ന്നേരം 4.00 മണിക്ക് അവസാനിക്കും. ഓരോ യൂണിറ്റും പഠിച്ച് കഴിഞ്ഞ് പുസ്തകത്തിന്റെ പഠനാവസാനം നല്കിയിരിക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം എഴുതി അടുത്ത ക്ലാസിനു മുമ്പായി നൽകേണ്ടതാണ്.

ക്ലാസിൽ ചേരുവാൻ താല്പര്യമുള്ളവർ അതിരൂപതാ അജ പാലന ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. 40 പുസ്തകങ്ങൾ, ക്ലാസ് ഫീ, ഭക്ഷണം എന്നിവ ഉൾപ്പെടെ 2000/- രൂപ രജിസ്ട്രേ ഷൻ ഫീസായി അടയ്ക്കേണ്ടതാണ്.

## ക്രിസ്തീയവിശ്വാസജീവിതപരിശീലന കമ്മിഷൻ

**A. അറിയിപ്പ്**

ജനുവരി 13-ാം തിയതി എക്സിക്യൂട്ടീവ് മീറ്റിംഗ്, പരീക്ഷ ബോർഡ് മീറ്റിംഗ് എന്നിവ ഉണ്ടായിരിക്കുന്നതാണ്.

## ആരാധന കമ്മിഷൻ

**A. പ്രവർത്തനം**

ദിവ്യബലിയിൽ സംബന്ധിക്കാൻ ദൈവാലയത്തിൽ എത്തുന്നതിന് മുമ്പ് തന്നെ ഭവനത്തിലിരുന്ന് ദിവ്യബലി മദ്ധ്യേയുള്ള വായനകൾ വിശുദ്ധ ഗ്രന്ഥത്തിൽ നിന്നും വായിക്കുവാനും വ്യക്തിപരമായ ധ്യാനത്തിനും പ്രാർഥന യ്ക്കും വിശുദ്ധഗ്രന്ഥ വായനകളെ ഉപയോഗപ്പെടുത്താനും വിശ്വാസികൾക്ക് സഹായകമായ ദിവ്യബലി വായന സൂചിക തയ്യാറാക്കി.

B. അറിയിപ്പ്

1. "നമുക്ക് പ്രാർഥിക്കാം" എന്ന കുടുംബ പ്രാർഥന പുസ്തകം ലഭ്യമാണ്. പുസ്തകത്തിന്റെ വില 30/- രൂപ.
2. പരിഷ്കരിച്ച ദിവ്യബലിയുടെ ഗാനരൂപം സിഡിയിൽ ലഭ്യമാണ്.
3. ദിവ്യബലി വായന സൂചിക 2018 വില = 10 രൂപ

## ദൈവശാസ്ത്രം

A. പ്രവർത്തനം

**1) "ദിവ്യബോധന" ദൈവശാസ്ത്രപഠന കോഴ്സ്**

"ദിവ്യബോധന" ദൈവശാസ്ത്ര പഠനകോഴ്സ് ഡിസംബർ 16-ാം തിയതി ശനിയാഴ്ച രാവിലെ 9.30 ന് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടന്നു. അതിൽ 69 പേർ പങ്കെടുത്തു. "ബിബ്ലിക്കൽ ഹീബ്രു" എന്ന വിഷയത്തെ ആസ്പദമാക്കിറവ. ഫാ. സുനിൽ സെസടിമ OFM Cap ക്ലാസ്സുകൾ നല്കി.

**അറിയിപ്പ്**

1. "ദവ്യബോധന" ദൈവശാസ്ത്ര പഠന കോഴ്സിന്റെ അടുത്ത ക്ലാസ് ജനുവരി 20-ാം തിയതി ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെടും. വിഷയം: "മർക്കോസിന്റെ സുവിശേഷം ലൂക്കായുടെ കൃതികൾ: ഒരു ആമുഖ പഠനം"

## സുവിശേഷവത്ക്കരണം

**പ്രവർത്തനം**

അതിരൂപതയിലെ വിവിധ ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന ഉപദേശിമാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സംഗമവും ക്രിസ്തുമസ്സ് ആഘോഷം 16-ാം തിയതി ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 2 മണി വരെ ആനിമേഷൻ സെന്ററിൽ വച്ച് ഫാ. ലോറൻസ് കുലാസിന്റെ നേതൃത്വത്തിൽ നടന്നു. റവ. ഫാ. രാജേഷ് ജോസഫ് ക്ലാസ്സ് നയിച്ചു. ഫാ. മുത്തപ്പൻ അപ്പോലി ക്രിസ്തുമസ്സ് സന്ദേശം നല്കി. 55 പേർ പങ്കെടുത്തു.



## കരിസ്മാറ്റിക് മുന്നേറ്റം

**A. പ്രവർത്തനം**

**1. മധ്യസ്ഥപ്രാർഥന**

ഡിസംബർ 7-ാം തിയതി വേളി സെന്റ് സേവ്യേഴ്സ് ദൈവാലയത്തിൽ വച്ച് 'ഓഖി' ദുരന്തത്തിൽപ്പെട്ടവർക്കുവേണ്ടി ദിവ്യകാരുണ്യം എഴുന്നള്ളിച്ച് മധ്യസ്ഥ പ്രാർഥന നടത്തി. ശ്രീ. ബെനഡിക്ട്, ശ്രീ. സ്റ്റെല്ലസ്, ശ്രീ. ക്ലമന്റ്, ശ്രീ. ഗബ്രിയൽ എന്നിവർ നേതൃത്വം നല്കി.

**2. മുക്തി ധ്യാനം**

ഡിസംബർ മാസം 2-ാം തിയതി മുതൽ 8-ാം തിയതിവരെ അനുഗ്രഹഭവൻ ധ്യാനകേന്ദ്രത്തിൽ വച്ച് ലഹരികൾക്കടിമപ്പെട്ടവർക്കായ് 'മുക്തി' ധ്യാനം നടത്തി. ശ്രീ. സി.വി. ഡേവിഡ്, ശ്രീ. ക്രിസ്തുദാസ്, ഫാ. അനീഷ് ഫെർണാണ്ടസ്, ഫാ. ജോസഫ് എൽക്കിൻ, ഫാ. ടോണി ഡി. പോൾ, ഫാ. ആന്റോ ബൈജു, ഫാ. സാംസൺ, ഫാ. ഡിജോ, ഫാ. ഷിജിൻ, ഫാ. ഡാനിയേൽ, റവ. സിസ്റ്റർ നിർമ്മല എന്നിവർ വിവിധ ക്ലാസ്സുകളും ശുശ്രൂഷകളും നയിച്ചു.

**3. പുനഃസംഘടന**

2018-19 വർഷങ്ങളിലേക്കുള്ള തിരുവനന്തപുരം സോണിന്റെ പുനഃസംഘടന ഡിസംബർ 16-ാം തിയതി ആനിമേഷൻ സെന്ററിൽ വച്ച് നടത്തി. NST അംഗം റവ. സിസ്റ്റർ നിർമൽ ജോതിസിന്റെ നേതൃത്വത്തിലുള്ള ടീം പനഃസംഘടനാ പ്രക്രിയകൾക്ക് നേതൃത്വം വഹിച്ചു.

താഴെപ്പറയുന്ന 9 പേർ അടങ്ങിയ പുതിയ സർവ്വീസ് ടീം നിലവിൽ വന്നു.

| ക്രമ നമ്പർ | പേര് | ഇടവക |
|---|---|---|
| 1 | ശ്രീ. സി.വി. ഡേവിഡ് | വെള്ളയമ്പലം |
| 2 | ശ്രീ. ക്രിസ്തുദാസ് എൽ ജോസ് | വെട്ടുകാട് |
| 3 | ശ്രീ. ആന്റണി | അടിമലത്തുറ |
| 4 | ശ്രീ. സന്തോഷ് | വട്ടിയൂർകാവ് |
| 5 | ശ്രീ. അജിത്ത് പെരേര | താഴംപള്ളി |
| 6 | ശ്രീ. നിക്സൺ ലോപ്പസ് | വിഴിഞ്ഞം |

| | | |
|---|---|---|
| 7 | ശ്രീമതി ജോയ്സ് ആന്റണി | പള്ളിത്തുറ |
| 8 | ശ്രീമതി ജോയ്സ് പയസ് | പേട്ട |
| 9 | ശ്രീമതി ഷാഹിദ അനീറ്റ | കാഞ്ഞിരംപാറ |

**4. ഏകദിന ധ്യാനം**

ഡിസംബർ 30-ാം തിയതി ശനിയാഴ്ച പാളയം സെന്റ് ജോസഫ് കത്തീഡ്രൽ ആഡിറ്റോറിയത്തിൽ വച്ച് പ്രാർഥന ഗ്രൂപ്പ് ലീഡേഴ്സിന് വേണ്ടി ഏകദിന ധ്യാനം സംഘടിപ്പിച്ചു. റവ. ഫാ. കോസ്മസ് തോപ്പിൽ ധ്യാനത്തിന് നേതൃത്വം നല്കി.

**B. അറിയിപ്പ്**

**1. മുക്തി ധ്യാനം**

2018 ജനുവരി 6-ാം തിയതി മുതൽ 12-ാം തിയതി വരെ അനുഗ്രഹഭവൻ ധ്യാനകേന്ദ്രത്തിൽ വച്ച് മുക്തി ധ്യാനം ഉണ്ടായി രിക്കുന്നതാണ്. രജിസ്ട്രേഷന് ബന്ധപ്പെടുക 9400820818, 9446945333.

**2. റിസോഴ്സ് ടീം കൂടിവരവ്**

അതിരൂപതയിൽ നിന്നും തിരിച്ചറിയൽ കാർഡ് നല്കിയ അല്മായ പ്രഘോഷകരുടെയും ടീം അംഗങ്ങളുടെയും ഒരു കൂടി വരവ് 2018 ജനുവരി 3-ാം തിയതി ബുധനാഴ്ച ആനിമേഷൻ സെന്ററിൽ വച്ച് രാവിലെ 9:00 മണി മുതൽ 05:00 മണിവരെ ഉണ്ടായിരി ക്കുന്നതാണ്.

**3. പുതിയ സോണൽ സർവ്വീസ് ടീം കമ്മീഷണിംഗ്**

പുതിയതായി നിലവിൽ വന്ന സർവ്വീസ് ടീം അംഗങ്ങ ളുടെ അഭിഷേക പ്രാർഥന 2018 ജനുവരി 9,10 തിയതികളിൽ കേരള കത്തോലിക്കാ കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ ആസ്ഥാ നമായ കളമശ്ശേരി 'എമ്മാവൂസിൽ' വച്ച് അഭിവന്ദ്യസാമുവൽ മാർ ഐറേനിയസ് ബിഷപ്പിന്റെ കാർമ്മികത്വത്തിൽ നടക്കുന്നതാണ്.

**4. കൃപാഭിഷേകധ്യാനം**

അനന്തപുരി കാത്തലിക് ബൈബിൾ കൺവെൻഷൻ ടീമിന്റെ ആഭി മുഖ്യത്തിൽ അണക്കര മരിയൻ ധ്യാനകേന്ദ്ര ഡയറക്ടർ ഡൊമ നിക് വാളൻമാലച്ചന്റെ നേതൃത്വത്തിൽ 2018 ഫെബ്രുവരി 16,17,18 തീയതികളിൽ നാലാഞ്ചിറ മാർ ഇവാനിയോസ് നഗറിൽ വച്ച് "കൃപാഭിഷേകധ്യാനം" (പ്രേഷിതപരിശീലനധ്യാനം) ഉണ്ടായിരി ക്കുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്ക് ധ്യാനിക്കാൻ അവസരമുണ്ട്. രജിസ്ട്രേഷൻ ഫീസ് 200 രൂപ രജിസ്റ്റർ ചെയ്യാൻ വിളിക്കേണ്ട നമ്പർ 9400820818 /9539759444/9446400333

# കുടുംബപ്രേഷിത ശുശ്രൂഷ

**കുടുംബശുശ്രൂഷയുടെ വോളന്റിറി സർവ്വീസ് – "സഹായ ഹസ്തം"**

കുടുംബപ്രേഷിതശുശ്രൂഷയ്ക്കായി സേവനം ചെയ്യാൻ സന്നദ്ധതയുള്ള വ്യക്തികളുടെ കൂടിവരവ് ഒക്ടോബർ 27 ന് നടത്തുകയുണ്ടായി. സേവനസദ്ധതയും അർപ്പണമനോഭാവവുമുള്ളവർ സഭാപ്രവർത്തനങ്ങൾക്കായി വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ ഒരുമിച്ചു കൂടി. വോളന്റിയേർസിന്റെ ലക്ഷ്യം, ദൗത്യം, പ്രവർത്തനമേഖല എന്നിവയെപ്പറ്റി റവ. ഫാ. എ ആർ ജോൺ വിവരിച്ചു.

അതിരൂപതാ മെത്രാപ്പോലിത്ത സൂസൈപാക്യം പിതാവ് അഭിസംബോധന ചെയ്തു സംസാരിച്ചു. വോളന്റിയേഴ്സിന്റെ നല്ല മനസ്സിനെ അഭിനന്ദിക്കുകയും സേവനം ചെയ്യാൻ താൽപര്യമുള്ള കൂടുതൽ വ്യക്തികൾ കടന്നുവരട്ടെ എന്നും, അതിലൂടെ രൂപതയിൽ കുടുംബങ്ങളെ വീണ്ടെടുക്കുക എന്ന ലക്ഷ്യം വേഗത്തിൽ പ്രാവർത്തികമാക്കാൻ സാധിക്കട്ടെ എന്നു ആശംസിക്കുകയും ചെയ്തു. പിതാവ് എല്ലാവർക്കും ജപമാല നൽകി അനുഗ്രഹിച്ചു.

28 പേർ പങ്കെടുത്ത യോഗത്തിൽ റവ. ഫാ. എ ആർ ജോൺ സ്വാഗതവും റവ. ഫാ. ജൂലിയസ് സാവിയോ കൃതജ്ഞതയും അർപ്പിച്ചു.

**ഫാമിലി കൗൺസിലിംഗ് കോഴ്സ്**

തിരുവനന്തപുരം അതിരൂപതയുടെ കീഴിൽ ആറു മാസം നീണ്ടുനിൽക്കുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അംഗീകാരത്തോടെയുള്ള കൗൺസിലിംഗ് കോഴ്സിന്റെ ഇന്റേൺ ഷിപ്പ് നടന്നുവരുന്നു. 52 വ്യക്തികൾ – ആശുപത്രി, സ്ക്കൂൾ, വൃദ്ധമന്ദിരങ്ങൾ എന്നീ കേന്ദ്രങ്ങളിലാണ് നടത്തുന്നത്.

**വിവിധ ഫെറോനകളിലെ പ്രവർത്തനങ്ങൾ**

**പാളയം ഫെറോന**

നവംബർ 5 ഞായറാഴ്ച വൈകുന്നേരം പാളയം കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ഫെറോനയിലെ ജനറൽ ബോഡി യോഗം ചേർന്നു. ഇടവക കുടുംബപ്രേഷിത കൺവീനർമാർ അതാത് ഇടവകകളിൽ നടന്ന പ്രവർത്തനങ്ങളുടെ റിപ്പോർട്ടുകൾ



അവതരിപ്പിച്ചു. ഫെറോനാ കുടുംബപ്രേഷിത ശുശ്രൂഷയുടെ തുടർപ്രവർത്തനങ്ങൾ ചർച്ച ചെയ്ത യോഗത്തിൽ ക്രിസ്മസ് ആഘോഷത്തിൻ ഒരുക്കമായി ആഗമനകാല കലണ്ടർ തയ്യാറാക്കുന്നതിന് ഒരു ടീം രൂപികരിച്ചു. 58 പേർ പങ്കെടുത്ത യോഗത്തിൽ, കുടുംബം എന്ത്? എന്തിന്? എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീമതി മേരിക്കുട്ടി സൈമണും കുടുംബപ്രേഷിത ശുശ്രൂഷയുടെ ലക്ഷ്യവും പ്രവർത്തനങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി രൂപതാഡയറക്ടർ റവ. ഫാ. എ ആർ ജോണും ഫെറോന പ്രവർത്തനങ്ങളുടെ ആവശ്യകതയെക്കുറിച്ച് റവ. ഫാ. ഡയസ്സനും ക്ലാസ്സുകൾ നയിച്ചു.

**തൂത്തൂർ ഫെറോന**

നവംബർ 6 തിങ്കളാഴ്ച തൂത്തൂർ ഫെറോനയുടെ കീഴിൽ യൂണീറ്റുതലത്തിലുള്ള കുടുംബപ്രേഷിത ശുശ്രൂഷാ കൺവീനർമാരുടെ യോഗം വിളിച്ചുകൂട്ടി. യോഗത്തിൽ ഫെറോനതലപ്രവർത്തനങ്ങളുടെ ആവശ്യകതയെക്കുറിച്ച് തൂത്തൂർ ഫെറോനാ കോർഡിനേറ്റർ റവ. ഫാ. ലൂസിയാൻ, കുടുംബപ്രേഷിത ശുശ്രൂഷയുടെ ലക്ഷ്യവും പ്രവർത്തനങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി രൂപതാഡയറക്ടർ റവ. ഫാ. എ ആർ ജോൺ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**പുല്ലുവിള ഫെറോന**

**പുല്ലുവിള ഇടവക :** ഇടവകവികാരി റവ. ഫാ. ജോസഫ് ബാസ്റ്റിന്റെ നേതൃത്വത്തിൽ കൂടുകയുണ്ടായി. വാർഡ് തല ചർച്ചകൾ നടന്നു. അതിന്റെ ഫലമായി യുവദമ്പതികൾക്കായി ക്ലാസ്സ് സംഘടിപ്പിക്കുക, പാവപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുക, ഇടവക കൗൺസിലിംഗ് സെന്റർ ആരംഭിക്കുക എന്നീ കാര്യങ്ങൾ തീരുമാനിച്ചു.

**അടിമലത്തുറ**: യുവദമ്പതികൾക്കായി ക്ലാസ്സ് സംഘടിപ്പിച്ചു. റവ. ഫാ. എ ആർ ജോൺ, ശ്രീ. സതീഷ് എന്നിവർ ക്ലാസ്സുകൾ നയിച്ചു.

**റിസോഴ്സ് പേഴ്സൻസിന്റെ കൂടിവരവ്**

നവംബർ 20 തിങ്കളാഴ്ച രാവിലെ 10 മണിക്ക് കുടുംബപ്രേ

ഷിത ശുശ്രൂഷയുടെ കീഴിൽ പ്രവർത്തിക്കുന്ന റിസോഴ്സ് പേഴ്സൻസിന്റെ കൂടിവരവ് നടത്തുകയുണ്ടായി. മുൻകൂട്ടി നിശ്ച യിച്ച പ്രകാരം അവരവർ തങ്ങൾക്കു കിട്ടിയ വിഷയങ്ങളെക്കുറിച്ച് അവതരിപ്പിക്കുകയും മറ്റുള്ളവരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകു കയും ചെയ്തു. റവ. ഫാ. എ ആർ ജോൺ, റവ. ഫാ. ജൂലിയസ് സാവിയോ എന്നിവർ ക്ലാസ്സുകൾക്കു വേണ്ട നിർദ്ദേശങ്ങൾ നൽകി.

**ഏക്സതരുടെ കൂടിവരവ്**

ഏകസ്തരായി കഴിയുന്നവരുടെ (വിവാഹിതരാകാതെ ജീവിക്കുന്നവരുടെ) സംഗമം ഡിസംബർ 2 ശനിയാഴ്ച വെള്ള യമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടത്തുന്നു.

**സാന്ത്വനം മാംഗല്യം**

2018 ജനുവരി മാസം തിരുക്കുടുംബത്തിരുനാൾ ദിനത്തിൽ അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന **സാന്ത്വനം മാഗല്യം** (സാധു പെൺകുട്ടികൾക്കായുള്ള സമൂഹവിവാഹം) അർഹരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. പൂരിപ്പിച്ച അപേക്ഷകൾ ഇടവകവികാരിയുടെ ശുപാർശ കത്തോടെ അതിരൂപതാ കുടുംബശുശ്രൂഷാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**കൗൺസിലിംഗ് കോഴ്സ് രണ്ടാം ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു...**

കുടുംബശുശ്രൂഷയുടെ കീഴിൽ ആരംഭിച്ച ആറു മാസം നീണ്ടുനിൽക്കുന്ന പാസ്റ്ററൽ കൗൺസിലിംഗ് കോഴ്സിന്റെയും, കേന്ദ്ര-കേരള സർക്കാരുകളുടെ (SRC) അംഗീകാരത്തോടെയുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്ന കോഴ്സിന്റെയും രണ്ടാമത്തെ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്ന വിവരം സസ ന്തോഷം അറിയിക്കുന്നു. വൈദീകർ, സിസ്റ്റേഴ്സ്, മാനേജർ, പ്രിൻസി പ്പൽ, അധ്യാപകർ, സാമൂഹികപ്രവർത്തകർ എന്നീ തലങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ഏറെ സഹായകമാകുന്നതാണ് കോഴ്സ്. പാസ്റ്ററൽ കൗൺസിലിംഗിനെക്കുറിച്ച് ഒരു പ്രത്യേക വിഷയം കൈകാര്യം ചെയ്യുന്നു. മാസത്തിലെ രണ്ടു ശനിയാഴ്ചകളിലും തിര ഞ്ഞെടുക്കപ്പെട്ട പ്രത്യേക ദിവസങ്ങളിലും ക്ലാസ്സുകൾ നടത്തപ്പെ



ടുന്നതാണ്. അപേക്ഷകൾ 2017 ഡിസംബർ 15 നകം ഓഫീസിൽ എത്തിക്കേണ്ടതാണ്.

**കൗൺസിലിംഗ്**

പല ഇടവകകളിൽ നിന്നായി 38 കേസുകളും 2 സ്ക്കൂളുക ളിൽ നിന്നായി 28 പരിഹരിക്കുന്നതിനുവേണ്ടി സഹായിക്കുവാൻ സാധിച്ചു.

അതിരൂപതാ കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള കൗൺസിലിംഗ് സെന്റർ ജൂബിലി ആനിമേഷൻ സെന്ററിലെ റൂം നമ്പർ 5 ൽ പ്രവർത്തിച്ചുവരുന്നു. **9400101044** എന്ന നമ്പരിൽ മുൻകൂട്ടി വിളിച്ച് രജിസ്റ്റർ ചെയ്തുവരുന്ന എല്ലാവർക്കും കൗൺസിലിംഗ് സൗകര്യം ഒരുക്കിക്കൊടുക്കുന്നു.

**വിവാഹ മുന്നൊരുക്ക കോഴ്സ്**

നവംബർ 6-8 വരെ നടന്ന കോഴ്സിൽ 61 പെൺകുട്ടികളും 63 ആൺകുട്ടികളും പങ്കെടുത്തു. സാധാരണ നടക്കുന്ന ക്ലാസ്സിനു പുറമെ ഗ്രൂപ്പുകളായിതിരിച്ച് ആനുകാലിക പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും എല്ലാവരും സജീവമായി പങ്കെടുക്കുകയും ചെയ്തു. നവംബർ 24-26 വരെ തീയതികളിൽ നടന്ന രണ്ടാമത്തെ വിവാഹ ഒരുക്കസെമിനാറിൽ 70 പെൺകുട്ടികളും 85 ആൺകുട്ടി കളും പങ്കെടുത്തു.

വിവാഹ ഒരുക്കസെമിനാർ
2017 ഡിസംബർ 8, 9, 10
2017 ഡിസംബർ 18, 19, 20

**മാര്യേജ് ബ്യൂറോ**

ഈ മാസത്തിൽ മാര്യേജ് ബ്യൂറോയിൽ 27 വ്യക്തികളുടെ പേര് രജിസ്റ്റർ ചെയ്തു.

# യുവജനം: അതിരൂപതാ കലോത്സവം

കെ.സി.വൈ.എം. തിരുവനന്തപുരം ലത്തീൻ അതിരൂപത സംഘടിപ്പിച്ച ''ഉത്സവ് 2017'' നവംബർ 5 ന് പള്ളിത്തുറ എച്ച്.എസ്.എസ്. ൽ വച്ചും, നവംബർ 11 ന് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ചും നടക്കുകയുണ്ടായി. അതിരൂപത പ്രസിഡന്റ് ജോണി.എം.എ പതാക ഉയർത്തി കലോത്സവം ഉത്ഘാടനം ചെയ്യ്തു. നവംബർ 5 ന് സാഹിത്യ മത്സരങ്ങളും, 11 ന് കലാമത്സരങ്ങളും നടന്നു. അതിരൂപതയിലെ 7 ഫെറോനകളിൽ നിന്നുമായി 500-ഓളം യുവപ്രതിഭകൾ വിവിധ മത്സരങ്ങളിൽ പങ്കെടുത്തു.

98 പോയിന്റുമായി പേട്ട ഫെറോന "ഉത്സവ് 2017" ലെ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. 81 പോയിന്റുമായി കോവളം ഫെറോന രണ്ടാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്യ്തു. പേട്ട ഫെറോനയിൽ നിന്നുമുള്ള ജസ്റ്റിൻ.ജെ.ബി കലാപ്രതിഭയായും രേഷ്മ.യു.എ കലാതിലകമായും തെരെഞ്ഞെടുത്തു.

ഉത്സവ് 2017 ന്റെ ഉദ്ഘാടന സമ്മേളനം നവംബർ 11 ന് വെള്ളയമ്പലം പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. തിരുവനന്തപുരം ലത്തീൻ അതിരൂപത സഹായ മെത്രാൻ റൈറ്റ്.റവ.ഡോ. ക്രിസ്തുദാസ് പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തി. ബഹു.കെ.ആൻസലൻ MLA ഉത്സവ് 2017 ഉദ്ഘാടനം ചെയ്യ്തു. സമാപന സമ്മേളന ഉദ്ഘാടനവും സമ്മാന ദാനവും ബഹു.വിൻസന്റ് MLA നിർവ്വഹിച്ചു.



## വില്യം പനിപ്പിച്ചയെ ആദരിച്ചു.

കാരിക്കേച്ചർ വരയ്ക്കുന്നതിൽ ഗിന്നസ് റിക്കോർഡ് കരസ്ഥമാക്കിയ വില്യം പനിപ്പിച്ചയെ 11.11.2017 ൽ അതിരൂപത കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ ആദരിച്ചു. തിരുവനന്തപുരം രൂപതയിലെ പൊഴിയൂർ ഇടവകാംഗവുമായ വില്യം പനിപ്പിച്ച 3.11.2017 നാണ് സെന്റ്.ജോസഫ് സ്കൂളിൽ വച്ച് കാരിക്കേച്ചർ രചനയിൽ ഗിന്നസ് റിക്കോർഡ് കരസ്ഥമാക്കിയത്. അദ്ദേഹത്തിനെ അഭിനന്ദിച്ചുകൊണ്ട് വെള്ളയമ്പലം പാരീഷ് ഹാളിൽ വച്ച് ഫാ.ലെനിൻ ഫെർണാണ്ടസ്, ആൻസലം MLA എന്നിവർ ചേർന്ന് പൊന്നാട അണിയിച്ച് ആദരിച്ചു. കൂടാതെ അതിരൂപത കെ.സി.വൈ.എം. ന്റെ ആദരസൂചകമായി ഫലകം കെ.സി.വൈ.എം. അതിരൂപത പ്രസിഡന്റ് ജോണി.എം.എ നൽകുകയും ചെയ്തു.

## ജുവനൈസ് 2K17
### എൽ.സി.വൈ.എം. സംസ്ഥാനതല പ്രഥമക്രിക്കറ്റ് ടൂർണമെന്റ്

ഇടക്കൊച്ചി രാജീവ് ഗന്ധി സ്റ്റേഡിയത്തിൽ വച്ച് 2017 ഒക്ടോബർ 28 ന് സംഘടിപ്പിച്ച ലാറ്റിൻ കാത്തലിക് യൂത്ത് മൂവ്മെന്റിന്റെ പ്രഥമ സംസ്ഥാനതല ക്രിക്കറ്റ് ടൂർണമെന്റിൽ തിരുവനന്തപുരം ലത്തീൻ അതിരൂപത ടീം രണ്ടാം സ്ഥാനം കരസ്ഥമാക്കി. അതിരൂപതയെ പ്രതനിധീകരിച്ച് കോവളം ഫെറോന യുവജനങ്ങളാണ് മത്സരത്തിൽ പങ്കെടുത്തത്. ക്രിക്കറ്റ് ടീം ക്യാപ്റ്റൻ ബോസ്കോ, മാനേജർ ഷൈജു റോബിൻ എന്നിവർ ടീമിനെ നയിച്ചു.

## Bonefire 2k17

സെപ്റ്റംബർ 30 ന് കെ.സി.വൈ.എം. പേട്ട ഫെറോനയിൽ Bonefire 2k17 നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. 60 പേർ പങ്കെടുത്ത ഈ ഏകദിന ക്യാമ്പ് ശ്രീകാര്യം സെന്റ് ക്രിസ്റ്റഫർ ചർച്ച് ഹാളിൽ വച്ച് സംഘടിപ്പിച്ചു.

# ആർ.സി.സ്കൂളുകൾ നവംബറിൽ

### ആർ.സി.സ്കൂൾസ് - ഭൗതിക സാഹചര്യ വികസനം

റിച്ചാർഡ് ഹേ എം പിയുടെ ഫണ്ടിൽ നിന്നും അനുവദിച്ച കംപ്യൂട്ടർ ലാബ് ആർ.സി മാനേജ്മെന്റിന്റെ 5 സ്കൂളുകൾക്ക ലഭിച്ചു.

1. സെന്റ് മേരീസ് എച്ച്എസ്എസ് വിഴിഞ്ഞം
2. സെന്റ് തോമസ് എച്ച്എസ്എസ് പൂന്തുറ
3. സെന്റ് മേരീസ് എച്ച്എസ്എസ് വെട്ടുകാട്
4. എച്ച്എസ്എസ് പള്ളിത്തുറ
5. സെന്റ് ജോസഫ് എച്ച്എസ്എസ് അഞ്ചുതെങ്ങ്

**എം.എൽ.എ ഫണ്ട്**: പാളയം സെന്റ് ജോസഫ് എൽപിഎസ്സിന് കംപ്യൂട്ടർ ലാബ് ലഭിച്ചു.

**പ്രഥമാധ്യാപക യോഗം**: വെള്ളയമ്പലം ആർ.സി സ്കൂൾസ് മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിലെ പ്രിൻസിപ്പൽമാർ, ഹെഡ്മിസ്ട്രസ്മാർ എന്നിവരുടെ ഒരു യോഗം 10/11/17 -ാം തീയതി 2 മണിക്ക് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ചു നടന്നു. സ്കൂളുകളിലെ അക്കാദമിക നിലവാരം, സ്കൂൾ ഡവലപ്മെന്റ്, പ്ലാൻ സ്കൂൾ ഡവലപ്മെന്റ് കമ്മിറ്റി സ്കൂൾ ഡവലപ്മെന്റ് ഫണ്ട് ഗിൽഡ് സിൽവർ ജൂബിലി മോട്ടിവേഷൻ ക്ലാസ് തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു. യോഗത്തിൽ 37 അധ്യാപകർ പങ്കെടുത്തു. ത്രിഭാഷാ പരിപോഷണ പരിപാടി: ഒന്നാംഘട്ട എഴുത്തു പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറായി. ചോദ്യപേപ്പർ അതാത് ഇടവകളിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**എ.ആർ.ലത**
കോഓർഡിനേറ്റർ

### പുതുക്കുറിച്ചി ഫൊറോന

ഫൊറോന വിദ്യാഭ്യാസ ശുശ്രൂഷ സമിതി യോഗം നവംബർ 5 ന് കൂടി. "ടു ബി എക്സലന്റ് വിഷൻ-2021" ക്ലാസിലെ വിദ്യാർത്ഥികൾക്ക് സിലബസ് തയ്യാറാക്കി. ക്ലാസ് ആദ്യത്തെയും അവസാനത്തെയും ഞായറാഴ്ച വൈകുന്നേരം 2 മണി മുതൽ 4



വരെയാണ് ക്ലാസ് ആദ്യത്തെ ക്ലാസ് നവംബർ 5 ന് ശ്രീ. സുനിൽ ജോണിന്റെ നേതൃത്വത്തിൽ നടന്നു. 24 കുട്ടികൾ പങ്കെടുത്തു. നവംബർ 26 ന് ശ്രീ. ജോയി പൗലോസ് ക്ലാസ് എടുത്തു.

**ത്രിഭാഷ**: അതിരൂപത നടത്തുന്ന ത്രിഭാഷ പരീക്ഷയ്ക്കു പുതുക്കുറിച്ചി, തുമ്പ, മുരുക്കുംപുഴ, ശാന്തിപുരം, സെന്റ് ഡോമിനിക്, സെന്റ് ആൻഡ്രൂസ്, ഫാത്തിമപുരം, പുത്തൻതോപ്പ് എന്നീ ഇടവകൾ രജിസ്റ്റർ ചെയ്തു.

**പുതുക്കുറിച്ചി**: വിദ്യാഭ്യാസ ശുശ്രൂഷ സമിതി കൂടി. യു.പി കുട്ടികൾക്കു ത്രിഭാഷ പഠിപ്പിക്കാൻ തീരുമാനിച്ചു. നവംബർ 14 ന് കുട്ടികളുടെ കാലാവസാന വളർത്തുവാനായി ക്വിസ് മത്സരം, ഉപന്യാസം, പ്രസംഗമത്സരം, ചിത്രരചന എന്നിവ സംഘടിപ്പിച്ചു. 7 ക്ലാസുകൾ പങ്കെടുത്തു. ജോതിനിലയം, സെന്റ് മൈക്കിൾ, ഒ.എൽ.എം വിദ്യാസദനം, എൽപിഎസ് കഠിനംകുളം, എൽപിഎസ് മാടൻവിള, എംജിഎം കണിയാപുരം എന്നീ സ്കൂൾ പങ്കെടുത്തു. യൂപി, എച്ച് എസ്, എച്ച്എസ്എസ്എസ്, എന്നീ വിഭാഗങ്ങളിലെ 200 കുട്ടികൾ പങ്കെടുത്തു. ഓരോ വിഭാഗത്തിലും ഒന്നാം സമ്മാനം 1001 രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും, 2-ാം സമ്മാനം 501 രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും, മൂന്നാം സമ്മാനം 301 രൂപയും ട്രോഫിയും സർട്ടിഫിക്കറ്റും നൽകി. ആകെ 47 വിജയികൾക്കു സമ്മാനം നൽകി. കാർട്ടൂണിറ്റ് (ഗിന്നസ്സ് ബുക്കിൽ) വില്യം പനിപിച്ച സാറിനെ ഷീൽഡ് നൽകി ആദരിച്ചു.

**കൊച്ചുതുറ**: ഇടവകയിൽ യു.പി മുതൽ എച്ച്.എസ് വരെയുള്ള കുട്ടികൾക്കു സെന്റ് സേവ്യേഴ്സ് കോളേജിലെ 4 ബ്രദേഴ്സ് ശനിയാഴ്ച സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് എടുക്കുന്നു. 30 കുട്ടികൾ പഠിക്കുന്നു.

**ഫാ.ഷാജിൻ ജോസ്**
കോഓർഡിനേറ്റർ

**ജൂലിയറ്റ് പോൾ**
ആനിമേറ്റർ

### പേട്ട ഫൊറോന

**ഫൊറോനാതലം**

നവംബർ 5 ന് കുമാരപുരം പാരീഷ് ഹാളിൽ ഫൊറോനാ കൗൺസിൽ യോഗം ഫൊറോനാവികാരിയുടെ അദ്ധ്യക്ഷതയിൽ

കൂടി. ഫെറോനാ രൂപീകരണത്തെക്കുറിച്ച് ചർച്ച നടന്നു. തുടർന്നു കൂടിയ ഫെറോനാ വിദ്യാഭ്യാസ സമിതി സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാമിനെക്കുറിച്ചും ത്രിഭാഷ പരീക്ഷയെക്കുറിച്ചും ചർച്ച ചെയ്തു. മുട്ടട കാര്യവട്ടം, മണവിള, പുഷ്പഗിരി എന്നീ ഇടവകകളിൽ നിന്നും കൺവീനർമാർ പങ്കെടുത്തു.

സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം: നവംബർ 25 ന് കുമാരപുരം പാരീഷ്ഹാളിൽ വച്ച് എസ്എസ്എൽസി, +1, +2 കാർക്ക് സിവിൽ സർവ്വീസ് ഓറിയന്റേഷൻ പ്രോഗ്രാം നടത്തി. ശ്രീ ദേവപ്രസാദ് സിവിൽ സർവ്വീസ് പരീക്ഷയുടെ പ്രാധാന്യത്തെക്കുറിച്ചും പരിശീലനത്തെക്കുറിച്ചും വിശദീകരിച്ചു. (കരിയർ ഗൈഡൻസ്) വിവിധതരം കോഴ്സുകളെകുറിച്ചും വിശദീകരണം നൽകി. പുഷ്പഗിരി, കുന്നിൻപുറം, കാര്.വട്ടം, പേട്ട എന്നീ ഇടവകകളിൽ നിന്നും മാതാപിതാക്കളും പങ്കെടുത്തു.

ത്രിഭാഷജ്ഞാനപരിപോഷണ പരിപാടി: മുട്ടട, വികാസ്നഗർ, ശ്രീകാര്യം, പോങ്ങുംമൂട്, കുമാരപുരം, പുഷ്പഗിരി, പേട്ട, മൺവിള, കാര്യവട്ടം എന്നീ ഇടവകകളിൽ പരീക്ഷയ്ക്കായുള്ള ചോദ്യപേപ്പർ എത്തിച്ചു.

ഇടവകതലം

മുട്ടട: നവംബർ 12-ാം തീയതി എൽകെജി, +2 വരെയുള്ള കുട്ടികൾക്കായി ചിത്രരചനാ മത്സരം 4 ഗ്രൂപ്പായി തിരിച്ച് നടത്തുകയുണ്ടായി. 45 കുട്ടികൾ പങ്കെടുത്തു.

ഒന്നാം ക്ലാസു മുതൽ +2 വരെയുള്ള കുട്ടികളെ 6 ഗ്രൂപ്പായി തിരിച്ച് പ്രസംഗ മത്സരം നടത്തി. 35 കുട്ടികൾ പങ്കെടുത്തു.

**ഫാ. അഗസ്റ്റിൻ ജോൺ** — കോഓർഡിനേറ്റർ

**സുശീല ഷാജി** — ആനിമേറ്റർ

## പാളയം ഫൊറോന

ക്രിസ്തുരാജപുരം: നിർധന വിദ്യാർത്ഥികൾക്ക് സഹായധനം ഫാ. ഏലിയാസ് ഫണ്ടിൽ നിന്ന് 12,000/-രൂപ (9-ാം ക്ലാസ്സിലെ ഒരു കുട്ടി 3000/-, +1 ന് ഫോൾ എ+ നേടിയ 4 കുട്ടികൾ 2000/-, 8-ാം ക്ലാസ്സിലെ ഒരു കുട്ടിയ്ക്ക് 3000) വികാരിയച്ചന്റെ നേതൃത്വത്തിൽ വിതരണം



ചെയ്തു.

ത്രിഭാഷ പരിപോഷണ പരിപാടി: നെട്ടയം ഇടവക ഒഴികെ മറ്റെല്ലാ ഇടവകകളിലും മലയാളം ഇംഗ്ലീഷ് ഹിന്ദി എന്നീ ഭാഷകളിൽ എഴുത്തു പരീക്ഷ നടത്തി.

മാതാപിതാക്കൾക്ക് അവബോധം എസ്എസ്എൽസി ഫോറം. വിദ്യാർത്ഥികൾക്കു പ്രചോദനം, മെറിറ്റ് അവാർഡ്

നവംബർ 19 ന് മക്കളുടെ വിദ്യാഭ്യാസത്തിൽ 'മാതാപിതാക്കളുടെ ഉത്തരവാദിത്വം ഉറപ്പുവരുത്തുക' എന്ന വിഷയത്തെ ആസ്പദമാക്കി ഡോ.മൃദുല നായർ പ്രിൻസിപ്പാൾ പത്തനാപുരം അയ്യങ്കാളി സ്മാരക കോളേജ് സെമിനാർ നയിച്ചു.

2017-18 വർഷത്തെ എസ്എസ്എൽസി, +2 ഫോറം രൂപീകരിച്ചു. 2016-17 വർഷത്തിൽ എസ്എസ്എൽസി വിഭാഗത്തിൽ എല്ലാ വിഷയത്തിനും എ+ നേടിയ 46 വിദ്യാർത്ഥികൾക്ക് (ഫെറോനതലം) 500/- രൂപ വീതം ക്യാഷ് അവാർഡും മെമന്റോയും കോർഡിനേറ്ററായ ഫായ ജേക്കബ് സ്റ്റെല്ലസിന്റെ നേതൃത്വത്തിൽ വിതരണം ചെയ്തു.

സെന്റ് ജോസഫ്സ് എൽപിഎസ് പാളയം: നവംബർ 24 ന് സ്കൂളിന്റെ പുനർനിർമ്മാണ പരിപാടി സഹായ മെത്രാൻ ക്രിസ്തുദാസ് പിതാവ് ഉത്ഘാടനം ചെയയ്തു. കൂടാതെ, എംഎൽഎ ഫണ്ടിൽ നിന്ന് 3 കമ്പ്യൂട്ടർ സ്കൂളിനു ലഭിച്ചു. ഇതിന്റെ ഉത്ഘാടനം ശ്രീ. ശിവകുമാർ എംഎൽഎ നിർവഹിച്ചു. ഈ മഹത്ത് സംരംഭത്തിൽ തിരു. ആർ സി സ്കൂൾ മാനേജർ ഫാ. ശാന്തപ്പൻ ഇടവക വികാരി ഡോ ജോർജ്ജ് ഗോമസ് എ.ഇ.ഓ, പിറ്റിഎ അംഗങ്ങൾ, വിദ്യാഭ്യാസ സമിതി അംഗങ്ങൾ, വികസന സമിതി അംഗങ്ങൾ ബിസിസി യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു.

ഇടവക സമിതി യോഗം: വെള്ളയമ്പലം, തൈക്കാട്, മണക്കാട്, നന്തൻക്കോട്, കുറവൻകോണം, പൂഴികുന്ന്, കിള്ളിപ്പാലം, കുടപ്പനകുന്ന്, പേരൂർക്കട, നെട്ടയം, മുടവൻമുഗൾ, തൃക്കണ്ണാപുരം, പുന്നയ്ക്കാമുഗൾ, ക്രിസ്തുരാജപുരം, കുലശേഖരം, മലമുഗൾ, കാച്ചാണി, കാഞ്ഞിരംപാറ, കാച്ചാണി എന്നീ ഇടവകകളിൽ സമിതി യോഗം നടക്കുകയുണ്ടായി. പദ്ധതി-ബജറ്റ് വിലയിരുത്തി.

ഫെറോന സമിതി: നവംബർ 19 ന് ഫെറോന സമിതി വൈദിക കോർഡിനേറ്ററായ ഫാ. ജേക്കബ് സ്റ്റെല്ലസിന്റെ നേതൃത്വത്തിൽ യോഗം കൂടി. ഡിസംബർ 17 ന് ഇടവകതലത്തിൽ ജി.കെ മത്സര ങ്ങൾ നടത്തുവാൻ തീരുമാനിച്ചു. തുടർ പരിപാടിക്കുള്ള നടപടി കൾ സ്വീകരിച്ചു. ഇടവകതലത്തിൽ 1,2,3 ഉം സ്ഥാനക്കാരെ ഫെറോ നതലത്തിൽ മത്സരം നടത്തി വിജയികളെ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചു.

**ഫാ. ജേക്കബ് സ്റ്റെല്ലസ്** — **ജൂലി ഡയനേഷ്യസ്**
കോഓർഡിനേറ്റർ — ആനിമേറ്റർ

## വലിയതുറ ഫെറോന

**പ്രധാന പ്രവർത്തനങ്ങൾ**

1. ഫെറോനാതലയോഗം
2. ഇടവകതല യോഗം പ്രവർത്തനം
3. പി.എസ്.സി കോച്ചിംഗ്
4. ത്രിഭാഷാ എക്സാം

**ഫെറോനാതലയോഗം**: നവംബർ 11 ന് ചെറുവെട്ടുകാട് വച്ച് നടന്നു. കോഓർഡിനേറ്റർ ഫാ. ജോസ് ദിലീപിന്റെ അധ്യക്ഷതയിൽ പദ്ധതി പ്രവർത്തനങ്ങൾ ചർച്ച ചെയ്തു. ഇനി നടത്താനുള്ള പ്രവർത്തനങ്ങളിൽ തീരുമാനമെടുത്തു. പിഎസ്സി യെക്കുറിച്ചും എൻട്രൻസ് കോച്ചിംഗ് മാർച്ചിൽ നടത്താനും തീരുമാനിച്ചു. യോഗ ത്തിൽ 10 ൽ 7 ഇടവകയിൽ നിന്നുമുള്ള കൺവീനർമാർ പങ്കെടു ത്തു.

ഇടവകതല പ്രവർത്തനം

ചെറുവെട്ടുകാട്: നവംബർ 12 ന് ഇടവകതല സമിതിയോഗം നടന്നു. യോഗത്തിൽ 7 അംഗങ്ങൾ പങ്കെടുത്തു. വിദ്യാഭ്യാസ പ്രവർത്തന ങ്ങൾ കൂടുതൽ ശക്തിപ്പെടുത്താൻ താല്പര്യം പ്രകടിപ്പിക്കുന്നതി നെക്കുറിച്ചു ചർച്ച ചെയ്തു. ത്രിഭാഷാ പരീക്ഷ നടത്തി. ത്രിഭാഷാ തുടർ ക്ലാസ് നടന്നു വരുന്നു. 15 കുട്ടികൾ ഇതിൽ പങ്കെടുക്കുന്നു. തിങ്കൾ മുതൽ വെള്ളി വരെ 4-6 മണി

കൊച്ചുതോപ്പ്: 4-ാം തിയതി സമിതി യോഗം നടന്നു. 6 അംഗ



ങ്ങൾ പങ്കെടുത്തു. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താ നുള്ള ഉപാധികൾ ചർച്ച ചെയ്തു.

കൊച്ചുവേളി: നവംബർ മാസം 18-ാം തിയതി ഇടവകതല സമിതി യോഗം നടന്നു. ഇതിൽ 12 അംഗങ്ങൾ പങ്കെടുത്തു. ഇടവകതല പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്താനുള്ള പരിപാടികൾ ചർച്ച ചെയ്തു തീരുമാനിച്ചു.

പിഎസ്സി കോച്ചിംഗ് ഡിസംബർ 1 ന് നടത്താനുള്ള അറിയിപ്പ് എല്ലാ ഇടവകകളിലും 4-ാം തിയതിയും 25-ാം തിയതിയും (രണ്ടു പ്രാവശ്യം) കൊടുത്തു. 35 കുട്ടികളുടെ ലിസ്റ്റ് എടുത്തു. 1000 രൂപ വീതമാണ് കുട്ടികളിൽ നിന്നും ശേഖരിച്ചു വരുന്നത്. 1000 രൂപ വീതം ഇടവകയും.

ത്രിഭാഷാപരിപോഷണ പരിപാടിയുടെ ഭാഗമായി എല്ലാ ഇടവക യിലും 25-ാം തിയതി ചോദ്യക്കടലാസ് കൊടുത്തു. കൊച്ചുവേളി, ചെറുവെട്ടുകാട്, കണ്ണാന്തുറ, കൊച്ചുതോപ്പ്, സെന്റ് സേവ്യഴ്സ് എന്നീ ഇടവകകളിൽ ത്രിഭാഷാ പരിപോഷണ പരിപാടിയുടെ ഭാഗ മായി ഇംഗ്ലീഷ്, മലയാളം, ഹിന്ദി എന്നീ വിഷയങ്ങളുടെ പരീക്ഷ നടത്തി. ഉത്തരക്കടലാസ് ശേഖരിച്ചു. ബാക്കിയുള്ള ഇടവകകളിൽ ഡിസംബർ 17 ന് നടത്താൻ തീരുമാനിച്ചു.

എൻട്രൻസ് കോച്ചിംഗ്: എസ്എസ്എൽസി, +2 പരീക്ഷയുടെ അടുത്ത ദിവസം മുതൽ എൻട്രൻസ് കോച്ചിംഗ് നടത്താൻ തീരുമാ നിച്ചു. ഇതിനായ് 25 ദിവസത്തെ ക്ലാസ് സംഘടിപ്പിക്കാൻ തീരുമാ നിച്ചു. ഇതിന് കുട്ടികളിൽ നിന്നും 3500 രൂപ വീതം ശേഖരിക്കാൻ തീരുമാനിച്ചു. ബാക്കിയുള്ള തുക ഫെറോന നല്കും. രൂപതയുടെ സഹായം ആവശ്യപ്പെടുന്നു.

**ഫാ. ജോസഫ് ദിലീപ് O F M Cap** — **മേരി**
കോഓഡിനേറ്റർ — ആനിമേറ്റർ

## കോവളം ഫെറോന

ഫെറോന തലം

ഫെറോന വിദ്യാഭ്യാസ ശുശ്രൂഷ സമിതിയോഗം പൂങ്കുളം ഇടവകയിൽ നവംബർ 17 ന് കൂടി. ഇടവകതല പ്രവർത്തനങ്ങൾ

വിലയിരുത്തി. കാരയ്ക്കാമണ്ഡപം, പൂങ്കുളം, പാലപ്പൂര്, നെല്ലിയോട്, പെരിങ്ങമ്മല, ആഴാകുളം, പരുത്തിക്കുഴി, വവ്വാമൂല, കാക്കാമൂല എന്നീ ഇടവക കൺവീനർമാർ പങ്കെടുത്തു. ഫെറോന തലത്തിൽ നടത്താൻ തീരുമാനിച്ചിരുന്ന ക്വിസ്സ് മത്സരം സുഗമമായ നടത്തുന്നതിനാവശ്യമായ കാര്യങ്ങൾ ചർച്ച ചെയ്തു. യോഗത്തിൽ കോർഡിനേറ്റർ അദ്ധ്യക്ഷനായിരുന്നു.

1. ക്വിസ്സ് മത്സരം ഫെറോനതലത്തിൽ സംഘടിപ്പിക്കുക.

2. ഭാഷ കാര്യശേഷി പരിശോധന എന്നിവ നടത്തുന്നതിനുള്ള മുൻ ഒരുക്കങ്ങൾ എല്ലാ ഇടവകയിലും സജ്ജരാക്കുക.

3. യോഗങ്ങളിൽ വിദ്യാഭ്യാസ കൺവീനർമാരുടെ സജീവ പങ്കാളിത്തവും ഉറപ്പുവരുത്തുക

ഇടവകതലം

പരുത്തിക്കുഴി: എല്ലാ മാസവും വിദ്യാഭ്യാസയോഗം കൂടി വരുന്നു. നവംബർ ന് വികാരി മനോജച്ചന്റെ അധ്യക്ഷതയിൽ വിദ്യാഭ്യാസ സമിതിയുടെ പൊതുയോഗം കൂടി.

"കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മനസ്സിലാക്കുക" എന്ന ലക്ഷ്യത്തോടു കൂടി ഒരു എഫിഷ്യൻസി ടെസ്റ്റ് 5-ാം ക്ലാസ്സിൽ മുതൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി അവരെ 4 ഗ്രൂപ്പ് -തിരിച്ചു ആനുകാലിക സംഭവങ്ങൾ (60%) സ്പോർട്ട്സ് (20%) പൊതുവിജ്ഞാനം എന്നീ വിഷയങ്ങളെ ആസ്പദമാക്കി നവംബർ 12 ന് സംഘടിപ്പിച്ചു. 25 വിദ്യാർത്ഥികൾ പങ്കെടുത്തു.

തുടർന്ന് എസ് എസ് എൽസി, +1,+2 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾ "എല്ലാവരും തന്നെ വിജയിക്കുക" എന്ന ഉദ്ദേശ്യത്തോടെ ഫൈനൽ പരീക്ഷ ലക്ഷ്യം വച്ച് കൊണ്ട് ശനി, ഞായർ ദിവസങ്ങളിൽ പഠനം നടത്തുവാൻ തീരുമാനിച്ചു. എൽഡിസി, പിഎസ്സി പരീക്ഷകൾ എഴുതുവാൻ പഠന പരിശീലന പദ്ധതി നടപ്പിലാക്കാൻ യോഗം തീരുമാനിച്ചു.

യോഗത്തിൽ ത്രിഭാഷ (ഹിന്ദി, മലയാളം, ഇംഗ്ലീഷ്) എന്നീ വിഷയത്തിൽ ഭാഷ എഫിഷ്യൻസി ടെസ്റ്റ് നടത്തുവാനുള്ള മുന്നൊരുക്കങ്ങൾ നടത്തി. സമകാലീന വിദ്യാഭ്യാസ രീതികളെക്കുറിച്ച്



മാതാപിതാക്കൾക്കും വിദ്യാർത്ഥികൾക്കും അറിവുണ്ടായിരിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഒരു ബോധവൽക്കരണ ക്ലാസ്സ് നൽകാൻ തീരുമാനിച്ചു.

സിവിൽ സർവ്വീസ് പരിശീലന ക്ലാസ്സ്

എൽഡിസി, പിഎസ്സി എന്നീ സർക്കാർ ഉദ്യോഗ പരീക്ഷയെ ലക്ഷ്യം വച്ച് കൊണ്ട് പൂന്തുറ, വിഴിഞ്ഞം (35) ഇടവകയിൽ സിവിൽ സർവ്വീസ് ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു. കുട്ടികൾ പ്രത്യേക സ്റ്റഡി മെറ്റിരീയൽസ് നൽകാനും തീരുമാനിച്ചു.

**പി.എസ്സ്.സി പരിശീലന ക്ലാസ്സ്**

പിഎസ്സി പരിശീലന ക്ലാസ്സ് പെരിങ്ങമ്മല പാലപ്പൂര് (16) കുട്ടികൾക്കായി ക്ലാസ്സ് സംഘടിപ്പിച്ചു വരുന്നു. ഇടവക വിദ്യാഭ്യാസ ശുശ്രൂഷ സമിതി അംഗങ്ങളുടെ അധ്യക്ഷതയിലാണ് നടത്തുന്നത്.

**ത്രിഭാഷ പരിപോഷണ പരിപാടി**

ഭാവ, എഫിഷ്യൻസി ടെസ്റ്റ് എന്നിവ പൂങ്കുളം, ആഴാകുളം, വിഴിഞ്ഞം, പൂന്തുറ, പാലപ്പൂര്, പൂങ്കുളം, പെരിങ്ങമ്മല, പുന്നമൂട്, വവ്വാമൂല, കക്കാമൂല, കാരയ്ക്കാമണ്ഡപം, പൊന്നുമങ്കലം, പരുത്തിക്കുഴി എന്നീ ഇടവകയിലെ മതബോധന വിദ്യാർത്ഥികൾക്കായി നടത്താൻ തീരുമാനിച്ചു. കുട്ടികളുടെ എഴുതാനും വായിക്കുന്നതിനുള്ള കഴിവ് പരിപോഷിപ്പിക്കാൻ കഴിയുന്ന രീതിയിലുള്ള പരിശോധനയാണ് സംഘടിപ്പിക്കുന്നത്.

## പുല്ലുവിള ഫെറോന

**ഫെറോനതല പ്രവർത്തനങ്ങൾ**: സിവിൽ സർവ്വീസ് പരിശീലന പരിപാടിയിൽ ഈ മാസം ഒരു ക്ലാസ്സ് മാത്രമാണ് നൽകാൻ കഴിഞ്ഞത്. 33 വിദ്യാർത്ഥികൾ പരിശീലനത്തിൽ പങ്കെടുത്തു.

**പിഎസ്സി പരിശീലനം**: പുല്ലുവിള ഇടവകയിൽ നടന്നു വരുന്നു. ഇതിൽ ഈ മാസം 7 ക്ലാസ്സുകൾ സംഘടിപ്പിച്ചു. നമ്പ്യാതി ഇടവകയിൽ 9 ക്ലാസ്സുകൾ നൽകി.

**പുതിയതുറ** ഇടവകയിൽ 10 ഉദ്യോഗാർത്ഥികൾ പിഎസ്സി പരീക്ഷയ്ക്ക് സ്വന്തമായി പഠനം കമ്മ്യൂണിഹാളിൽ വച്ച് നടത്തുന്നു.

കെറ്റിഇറ്റി പരിശീലനം: പുല്ലുവിള ഇടവകയിൽ വച്ച് സംഘടിപ്പിച്ചു വരുന്നു. പരിപാടിയിൽ 9 ക്ലാസ്സുകൾ ഈ മാസം നൽകി. 23 റ്റിറ്റിസി, ബിഎഡ് കഴിഞ്ഞ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുന്നു.

**ഡിഫൻസ്**: ഈ മാസം ഒരു ക്ലാസ്സ് മാത്രമാണ് ഡിഫൻസിനായി നൽകാൻ കഴിഞ്ഞത്.

**ഇടവകതലം**: ഡിസംബർ 3 ന് പുല്ലുവിള ഇടവകയിലെ റ്റിറ്റിസി, ബിഎഡ് കഴിഞ്ഞ ഉദ്യോഗാർത്ഥികളുടെ ഒരു യോഗം ഇടവകവികാരിയുടെ നേതൃത്വത്തിൽ വിളിച്ചു കൂട്ടി. പ്രസ്തുത യോഗത്തിൽ എൽ.പി, യു.പി, എച്ച്.എസ് വിഭാഗത്തിലെ ഉദ്യോഗാർത്ഥികൾ പിഎസ്സി പരിശീലനവും ഇതിനോടൊപ്പം കെറ്റിഇറ്റി പരിശീലനവും സംഘടിപ്പിക്കുന്നതിനും ഇടവകതലത്തിൽ അദ്ധ്യാപകരുടെ ഫോറം രൂപീകരിക്കുന്നതിനും തീരുമാനിച്ചു. 33 ഉദ്യോഗാർത്ഥികൾ പങ്കെടുത്തു.

**ഇടവകയിൽ**

**കരുംകുളം**: എസ്എൽസി വിദ്യാർത്ഥികൾക്കായി ആരംഭിച്ച നൈറ്റ് സ്റ്റഡിയിൽ എല്ലാ ദിവസവും 6.30 മുതൽ 8.30 വരെ വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. 26 വിദ്യാർത്ഥികൾ പരിശീലനത്തിൽ പങ്കെടുക്കുന്നു.

**ഫാ.ജെറാൾഡ് സാവിയോ** **മേരി ത്രേസ്യമൊറായിസ്**
കോഓർഡിനേറ്റർ ആനിമേറ്റർ

## തൂത്തൂർ ഫെറോന

**ഫെറോനതലം**

നവംബർ 4 ന് ഫെറോനാ സെന്ററിൽ വച്ച് ഫെറോനാ കോഡിനേറ്റർ ഫാ. സേവ്യറിന്റെ അദ്ധ്യക്ഷതയിൽ യോഗം കൂടി. ചിത്രരചനാമത്സരത്തിനായി കൊടുത്തിട്ടുള്ള എല്ലാ നിയമങ്ങളും പാലിക്കാത്ത രചനകൾ തിരസ്ക്കരിക്കുമെന്നും അതാതു ഇടവകകളിൽ ഇതിന്റെ സമ്മാനങ്ങൾ നൽകാവുന്നതാണ് എന്നും തീരുമാനിച്ചു. നവംബർ 18 ന് ഫെറോനാ സെന്ററിൽ വച്ച് കോഡിനേറ്റർ നടത്തുവാൻ അദ്ധ്യക്ഷതയിൽ യോഗം കൂടി. ജനുവരി 15-ാം തീയതി



നടത്തുവാൻ പോകുന്ന ക്വിസ് പരിപാടി പ്രിൻസ് ജല്ലറി ആർച്ച് വച്ചുതരാമെന്ന് ഏറ്റെടുത്തതായി പറയപ്പെട്ടു. ക്വിസ് പരിപാടിക്ക് പേര് കൊടുത്ത എല്ലാ ഇടവകകളിലും പരിശീലനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. പിന്നെ പരിപാടിക്കുള്ള ലിസ്റ്റ് തയ്യാറാക്കി.

**ഇടവകാതലം**

**തൂത്തൂർ**: തൂത്തൂരിൽ നവംബർ 19 ന് ഫാ. ബിബിൻസണ്ണിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം 10,11,12 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും കരിയർ ഗൈഡൻസ് ക്ലാസ് നടത്താനും പ്രസ്തുത വിദ്യാർത്ഥികൾക്ക് "പരീക്ഷയെ എങ്ങനെ നേരിടാം" എന്ന വിഷയത്തിൽ ക്ലാസ്സ് നടത്തുവാനും തീരുമാനിച്ചു. കൂടാതെ പഠനത്തിൽ പിന്നോക്കക്കാരെ കണ്ടെത്തി അവർക്ക് മാത്സ്, ഇംഗ്ലീഷ് കോഴ്സ് എന്നീ പാഠങ്ങൾക്ക് പ്രത്യേക പരിശീലനം കൊടുക്കുവാനും തീരുമാനിച്ചു. പുതിയ കൺവീനറെ തെരഞ്ഞെടുത്തു.

**പൂന്തുറ**: നവംബർ 21 ന് ഫാ. ആന്റോയുടെ അദ്ധ്യക്ഷതയിൽ യോഗം ആരംഭിച്ചു. ക്വിസ് പരിപാടിയുടെ രണ്ട് ഗ്രൂപ്പിലെ കുട്ടികൾക്കും ശനി, ഞായർ ദിവസങ്ങളിൽ പരിശീലനം നൽകുവാൻ തീരുമാനിച്ചു.

**മാർത്താണ്ഡംതുറ:** നവംബർ 22 ന് ഫാ. സേവ്യറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം ഫെറോന ക്വിസ് പരിപാടിയോടനുബന്ധിച്ച് കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ഒരു യോഗം നടത്തി. കുട്ടികൾക്ക് പരിശീലനം കൊടുക്കുവാൻ തീരുമാനിച്ചു.

നീരോടി, വള്ളവിള, ഇരവിപുത്തൻതുറ, ചിന്നത്തുറ, ഇരവിപുത്തൻതുറ എന്നീ ഇടവകകളിൽ ക്വിസ് പരിപാടിപ്രകാരമുള്ള പരിശീലനം നടത്തിവരുന്നു.

## സാമൂഹ്യ ശുശ്രൂഷ

**പേട്ട ഫെറോന**

**നീതി സമാധാനം വികസനം**
ഫെറോനയിലെ ചൈൽഡ് പാർലമെന്റ് വോളന്റിയർമാരുടെ യോഗം നവംബർ 5, ഡിസംബർ 03 ദിവസങ്ങളിൽ നടന്നു. വോളന്റിയർമാർക്കുള്ള അലവൻസ് നൽകി.

ഫെറോന സമിതി യോഗം നവംബർ 04, ഡിസംബർ 03 ദിവസങ്ങളിൽ നടത്തി, ഇടവകപ്രവർത്തനങ്ങൾ വിലയിരുത്തി തുടർപ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു.

ഫെറോന ജനറൽ ബോഡി യോഗം നവംബർ 12 ഫെറോന കോ-ഓർഡിനേറ്റർ ഫാ. ക്രിസ്റ്റഫറിന്റെ അധ്യക്ഷതയിൽ നടന്നു. 2017–18 ലെ ആറ് മാസം പ്ലാൻ & ബഡ്ജറ്റ് രേഖയനുസരിച്ചു നടന്ന പരവർത്തന സെക്രട്ടറിമാർ അവതരിപ്പിച്ചു. രൂപത എസ്എച്ച്ജി കോ-ഓർഡിനേറ്റർ അന്നാറീറ്റ റിപ്പോർട്ടിൻമേൽ വിലയിരുത്തൽ നടത്തി.

സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമനവും

നവംബർ 10, ഡിസംബർ 15 എന്നീ ദിവസങ്ങളിൽ എസ്എച്ച്ജി ഫെറോന ഫെഡറേഷൻ യോഗം എസ്എച്ച്ജി പ്രസിഡന്റിന്റെ അധ്യക്ഷതയിലും ഫെറോന ആനിമേറ്ററിന്റെ സാന്നിധ്യത്തിലും നടന്നു. ഫെറോനയിലെ അംഗങ്ങളിൽ നിന്നും ലഭിച്ചു. ഫെറോനയിലെ എസ്എച്ച്ജി അംഗങ്ങളിൽ നിന്നും ലഭിച്ച ധനസമാഹരണത്തിൽ നിന്നും 'ഓഖി' ദുരന്തത്തിൽപ്പെട്ട വിഴിഞ്ഞം ഇടവകയിലെ കുടുംബങ്ങൾക്കായി 150 കിലോ അരി സംഭാവന ചെയ്തു. നവംബർ 29 ന് ഇടവകാ ഫെഡറേഷൻ യോഗം വികാസ് നഗറിൽ നടന്നു. പോങ്ങുംമൂട് ഇടവകയിലെ ദർശൻ എസ്എച്ച്ജി സർവ്വേ ഫെറോന ആനിമേറ്റർ എടുത്ത് രൂപതയിൽ എത്തിച്ചു.

അടിസ്ഥാനസൗകര്യ വികസനം: എസ്എഎഫ്പി യുടെ ധനസഹായത്തോടെ ഫെറോനയിൽ പോങ്ങുംമൂട് ഒന്ന്, മുട്ടടയിൽ രണ്ടും ഭവനങ്ങളുടെയും പണി പുരോഗമിക്കുന്നു. തുണ്ടത്തിൽ ഇടവക

യിലെ ഒരു വ്യക്തിക്ക് കോർപ്പറേഷനിൽ നിന്നും ഭവനം ലഭ്യമായി.

കുടുംബക്ഷേമ പ്രവർത്തനം: റ്റിഎസ്എസ്എസ് ന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്ന കാരുണ്യപൂർവ്വം പദ്ധതിയിൽ 25 ഗുണഭോക്താകക്ൾ ഫെറോനയിൽ അംഗങ്ങളായി തുടരുന്നു. കാരുണ്യ പൂർവ്വം ആനിമേറ്റർ പ്രസ്തുത കുടുംബങ്ങളുടെ ഭവനം സന്ദർശിച്ചു. ഗുണഭോക്താക്കളുടെ സ്വയം തൊഴിൽ വിലയിരുത്തി. ഗുണ ഭോക്താക്കൾ കോഴിവളർത്തൽ, ടെയ്‌ലറിംഗ്, പലഹാരക്കച്ചവടം, മെഴുകുതിരി നിർമ്മാണം തുടങ്ങിയവയും സ്വയം തൊഴിലാളി ചെയ്തു വരുമാനം മെച്ചപ്പെടുത്തി കുടുംബ പുരോഗതികൈവരിക്കുന്നു.

തൊഴിൽകാര്യ കമ്മീഷൻ: കെഎൽഎം ഫെറോനയോഗം നവംബർ 18 ന് നടന്നു. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ ഫോറം രൂപീകരണത്തിൽ ഫെറോനയിൽ നിന്നും പങ്കാളിത്വം ഉറപ്പുവരുത്തി. ഡിസംബർ 10 ന് നടന്ന രൂപതാ നേതൃത്വ പരിശീലനത്തിൽ ഫെറോനയിലെ കെഎൽഎം അംഗങ്ങൾ (12) പങ്കെടുത്തു.

പച്ചക്കറി വിത്ത് വിതരണം: നവംബർ 25 ന് പുഷ്പഗിരി ഇടവക റ്റിഎസ്എസ്എസ് ന്റെ നേതൃത്വത്തിൽ വെള്ളായണി കൃഷി ഓഫീസിൽ നിന്നും പച്ചക്കറി, വിത്ത്, വാഴതൈ, കറിവേപ്പില തൈ, മരിച്ചീനിക്കമ്പ് എന്നിവ വാങ്ങി 25 അംഗങ്ങൾക്ക് വിതരണം ചെയ്തു.

ഓഖി ദുരിതാശ്വാസ സംഭാവന: ഞാണ്ടൂർക്കോണം ഇടവകയിലെ കെഎൽഎം ഫോറത്തിലെ കർഷകനായ ശ്രീമാൻ സത്യൻ 100 കിലോ മരിച്ചീനി, 60 കിലോ ഏത്തക്കായ, 75 കിലോ അരി, സ്വന്തം കൃഷിയിൽ നിന്നും ലഭ്യമായ പച്ചക്കറികളും-വിഴിഞ്ഞം ഇടവകയിലെ 'ഓഖി' ദുരന്തത്തിൽപ്പെട്ട കുടുംബങ്ങൾക്കായി സംഭാവന ചെയ്തു.

ആരോഗ്യകാര്യ കമ്മീഷൻ: നവംബർ 20 ഡിസംബർ 10 ദിവസങ്ങളിൽ കുമാരപുരം ഇടവകയിലെ മതബോധന കുട്ടികൾക്കും പേട്ട ഇടവകയിലെ മതബോധന കുട്ടികൾക്കും ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. അനിൽ കുമാർ, ഡോ. റോബർട്ട് എന്നിവർ ജംങ്ഫുഡ് എന്ന വിഷയത്തിൽ അവബോധം നൽകി. 30, 65 എന്നീ ക്രമത്തിൽ കുട്ടികൾ പങ്കെടുത്തു.

## സപ്ലിമെന്ററി സെന്ററുകൾ

| ക്രമ നമ്പർ | ഫെറോന | ഇടവക | അധ്യാപകരുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|---|---|
| 1 | അഞ്ചുതെങ്ങ് | അഞ്ചുതെങ്ങ് | 3 | 50 |
| 2 | | ചമ്പാവ് | 5 | 68 |
| 3 | | താഴംപള്ളി | 2 | 35 |
| 4 | | വെണ്ണിയോട് | 3 | 60 |
| 5 | | അയിരൂർ | 2 | 48 |
| 6 | പുതുക്കുറിച്ചി | പുതുക്കുറിച്ചി | 6 | 25 |
| 7 | | വിഴിഞ്ഞം | 9 | 120 |
| 8 | തൂത്തൂർ | തൂത്തൂർ | 3 | 50 |
| 9 | | ചിന്നത്തുറ | 3 | 35 |
| 10 | | പൂത്തുറൈ | 3 | 43 |
| 11 | | ഇരയിമ്മൻതുറ | 2 | 30 |
| 12 | | മാർത്താണ്ടൻതുറ | 2 | 35 |
| 13 | | സെന്റ് നിക്കോളസ് നീരോടി | 3 | 35 |
| 14 | | മിക്കേൽപുരം നീരോടി | 2 | 40 |
| 15 | | അന്നൈ നഗർ നീരോടി | 3 | 48 |
| 16 | | അന്നൈ വേളാങ്കണ്ണി | 3 | 65 |
| 17 | | തദൈപുരം, വള്ളവിള | 3 | 53 |
| 18 | | സെന്റ് ആന്റണീസ്, വള്ളവിള | 3 | 48 |
| 19 | പുല്ലുവിള | കൊച്ചുതുറ | 12 | 61 |
| 20 | | കരുംകുളം | 6 | 31 |
| 21 | | പരുത്തിയൂർ | 6 | 122 |
| | | ആകെ | 84 | 1102 |



**ക്വാളിറ്റി എഡ്യൂക്കേഷൻ**

കരുംകുളം ക്വാളിറ്റി എഡ്യൂക്കേഷൻ സെന്ററി 2 അധ്യാപകരും 63 വിദ്യാർത്ഥികളും, പൂവാറിൽ 1 അധ്യാപികയും 36 വിദ്യാർത്ഥികളും പഠിക്കുന്നു.

**2017 ഏപ്രിൽ മുതൽ സെപ്തംബർ വരെയുള്ള പ്രവർത്തനങ്ങൾ**

മെയ് 15, 16 തീയതികളിൽ സപ്ലിമെന്ററി നഴ്സറി അധ്യാപകർക്ക് രൂപതാതലത്തിലും 24,25 തീയതികളിൽ തൂത്തൂർ ഫെറോനയിലും 10/8/17-ൽ പുല്ലുവിളയിലും കോവളം ഫെറോനയിൽ 12/8/17 ൽ ഉം അഞ്ചുതെങ്ങ് ഫെറോനയിൽ 10/8/17 ലും ഏകദിന ട്രെയിനിംഗ് പരിശീലനം നൽകി. കണക്ക് എപ്രകാരം രസകരമായി പഠിപ്പാക്കാം. വ്യത്യസ്തങ്ങളായ ആക്ടിവിറ്റി വർക്കുകൾ, ആക്ഷൻ സോങ്, ക്രാഫ്റ്റ് വർക്ക് എന്നിവയെക്കുറിച്ചാണ് പരിശീലനങ്ങൾ നൽകിയത്.

19/6/17, 19/9/17 തീയതികളിൽ അതിരൂപതാതലത്തിൽ അധ്യാപകരുടെ യോഗം കൂടി. ത്രൈമാസ, അർദ്ധവാർഷിക പ്രവർത്തനങ്ങൾ വിലയിരുത്തി ബൈബിൾ നിയമങ്ങളെക്കുറിച്ച് ശ്രീ വിനയകുമാർ റിട്ട. അസി.കമാണ്ടന്റ്, ഹൈടെക് സെൽ ക്ലാസ് നൽകി. 36 അധ്യാപകർ ക്ലാസിൽ പങ്കെടുത്തു.

പുതുതായി ഇരയിമ്മൻതുറ, വള്ളവിള, നീരോടി, കൊച്ചുതുറ, മൂങ്ങോട് എന്നിവിടങ്ങളിൽ 5 നഴ്സറി സെന്ററുകൾ ആരംഭിച്ചു.

ചൈൽഡ് ലൈനായ് കൈകോർത്ത് കൊഴിഞ്ഞുപോയ 12 കുട്ടികളെ സ്കൂളിൽ ചേർത്ത് പഠിപ്പിക്കുവാൻ സാധിച്ചു.

നഴ്സറികളുടെ മെയിന്റനൻസിന് അനുവദിച്ച തുക

11 നഴ്സറികളിൽ നിന്നും നഴ്സറികളുടെ അറ്റകുറ്റപ്പണിക്കായി അപേക്ഷ സ്വീകരിച്ചതിൽ പ്രകാരം 1,80,000 രൂപ അനുവദിച്ചു.

**നഴ്സറി സെന്ററുകൾ**

| ക്രമ നമ്പർ | ഫെറോന | ഇടവക | നഴ്സറി വർക്കർമാർ | കുട്ടികളുടെ എണ്ണം |
|---|---|---|---|---|
| | അഞ്ചുതെങ്ങ് | വെണ്ണിക്കോട് | 2 | 11 |
| | | മാമ്പള്ളി | 3 | 42 |
| | | അഞ്ചുതെങ്ങ് | 3 | 53 |
| | | മൂങ്ങോട് | 4 | 68 |

| | | | | |
|---|---|---|---|---|
| | പുതുക്കുറിച്ചി | പുതുക്കുറിച്ചി | 2 | 43 |
| | കോവളം | വവ്വാമൂല | 3 | 15 |
| | | പെരിങ്ങമ്മല | 5 | 100 |
| | | കാക്കാമൂല | 3 | 33 |
| | | ആഴാകുളം | 4 | 46 |
| | | പൊന്നമംഗലം | 3 | 28 |
| | പുല്ലുവിള | പാലപ്പൂര് | 4 | 26 |
| | | നെല്ലിയോട് | 2 | 10 |
| | | ചൊവ്വര | 2 | 25 |
| | | പള്ളം | 5 | 46 |
| | തൂത്തൂര് | പുതിയതുറ | 7 | 123 |
| | | കൊച്ചുതുറ | 3 | 65 |
| | | ചിന്നത്തുറ | 2 | 16 |
| | | ഇരവിപുത്തൻതുറ | 2 | 25 |
| | | വള്ളവിള നവജീവൻ | 2 | 21 |
| | | വള്ളവിള കലിംഗജപുരം | 7 | 125 |
| | | ഇരയിമ്മൻതുറ | 2 | 23 |
| | | ആകെ | 70 | 964 |



**വിശദവിവരം ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | ഇടവക | ആവശ്യം | അനുവദിച്ച തുക |
|---|---|---|---|
| 1 | പുതുക്കുറിച്ചി | ചുവര്, തറ, ശുചാലയം, പാചകപ്പുര | 25,000 |
| 2 | നെല്ലിയോട് | മേൽക്കൂര | 25000 |
| 3 | പാലപ്പൂര് | കളിസ്ഥലം മോടിയാക്കൽ | 5,000 |
| 4 | വവ്വാമൂല | മേൽക്കൂര | 25,000 |
| 5 | കാക്കാമൂല | തറമെയിന്റനൻസ് | 15,000 |
| 6 | പെരിങ്ങമല | ടൈലിടൽ കിച്ചൺ | 10,000 |
| 7 | ആഴാകുളം | പണിയൽ വരാന്തകൈവരി | 20,000 |
| 8 | വെണ്ണിക്കോട് | കെട്ടൽ ടൈലിടൻ, | 10,000 |
| 9 | അഞ്ചുതെങ്ങ് | പ്ലേ ഗ്രൗണ്ട് | 10,000 |
| 10 | നീരോടി | ടോയ്‌ലറ്റ് | 20,000 |
| 11 | പൊന്നുമംഗലം | ടോയ്‌ലറ്റ് | 20,000 |
| | | ആകെ | 1,80,000 |

ഇരയിമ്മൻതുറ, വള്ളവിള, നീരോടി, പള്ളം, ചൊവ്വര, ആഴാകുളം, കാക്കാമൂല, പുതുക്കുറിച്ചി, അഞ്ചുതെങ്ങ്, വെണ്ണിക്കോട്, നഴ്സറികൾക്ക് ആവശ്യമായ കളിപ്പാട്ടങ്ങൾ വാങ്ങി നൽകി.

സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് മാധ്യമങ്ങളുടെ ശരിയായ വിനിയോഗം പരീക്ഷക്ക് എപ്രകാരം തയ്യാറെടുക്കാം എന്നതിനെക്കുറിച്ചും പി റ്റി എ യോഗം കൂടുകയും ഗ്രോത്ത് ഡെവലപ്മെന്റ്, കുട്ടികളിൽ പഠന പ്രക്രിയ സഹായകരമാക്കാം എന്നതിനെക്കുറിച്ചും ഇടവകാതലങ്ങളിൽ ക്ലാസ് നൽകി.

കൂടാതെ സെന്റർ തലത്തിൽ മാസത്തിലൊരിക്കൽ ക്വിസ് മത്സരം നടത്തി വരുന്നു.

**ലിജ സ്റ്റീഫൻ**
കോഡിനേറ്റർ, സപ്ലിമെന്ററി
നഴ്സറി വിഭാഗം

**പുതുക്കുറിച്ചി ഫെറോന**

**നീതി-സമാധാനം, വികസനം**

**മനുഷ്യശേഷി വികസനം**

**ഫെറോന എക്സിക്യൂട്ടീവ് മീറ്റിംഗ്**: സെപ്തംബർ 9, ഒക്ടോബർ 16 എന്നീ തീയതികളിൽ ഫെറോന കോ-ഓർഡിനേറ്റർ സിൽവസ്റ്റർ കുരിശിന്റെ അദ്ധ്യക്ഷതയിൽ യോഗം നടന്നു. അതാതു മാസ പ്രവർത്തനങ്ങൾ വിലയിരുത്തി തനതു മാസപ്രവർത്തനങ്ങൾ പ്ലാൻ ചെയ്തു.

**യൂണിറ്റ് മീറ്റിംഗ്**: രണ്ടു മാസവും 10/15 യൂണിറ്റ് മീറ്റിംഗ് നടത്തി. സെന്റ് ജോസഫ് കഴക്കൂട്ടം, ഫാത്തിമ മാതാ കഴക്കൂട്ടം, കൊയ്ത്തൂർ ക്കോണം, മുരുക്കുംപുഴ, സെന്റ് ഡൊമിനിക് വെട്ടുകാട് എന്നിവിട ങ്ങളിൽ യോഗം നടന്നില്ല.

**വർക്കേഴ്സ് മീറ്റിംഗ്**: സെപ്തംബർ 2, ഒക്ടോബർ 8 എന്നീ തീയ തികളിൽ പ്രവർത്തക യോഗം കൂടി. റിപ്പോർട്ടുകൾ വിലയിരുത്തി. രണ്ടു മാസവും നാല് പ്രവർത്തകർ പങ്കെടുത്തു.

**അടിസ്ഥാന സൗകര്യവികസനം**: ഭവനം ഒരു സമ്മാന പദ്ധതിയുടെ ഭാഗമായി 5 ഇടവകകളിൽ 9 ഭവനങ്ങളുടെ പണി പുരോഗമിക്കുന്നു. ശാന്തിപുരം, തുമ്പ എന്നിവിടങ്ങളിലെ ടോയ്‌ലറ്റ് നിർമ്മാണം പൂർത്തിയായി.

**ഫെറോന ജനറൽ ബോഡി അർദ്ധവാർഷിക വിലയിരുത്തൽ**

ഒക്ടോബർ 29 ന് ഫെറോന കോ-ഓർഡിനേറ്റർ ഫാ. സിൽവ സ്റ്റർ കുരിശിന്റെ അദ്ധ്യക്ഷതയിൽ യോഗം നടന്നു. 9 ഇടവകകൾ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ച് വിലയിരുത്തി. എല്ലാ ഇടവക കളും പ്ലാൻ അനുസരിച്ച് പ്രവർത്തനങ്ങൾ നടത്തിയതായി ശ്രീമതി ലിജാ സ്റ്റീഫൻ അഭിപ്രായപ്പെട്ടു. ഫെറോന എക്സിക്യൂട്ടീവിൽ പങ്കാ ളിത്തമില്ലാത്ത ഇടവകയിൽ നിന്ന് ഒരംഗത്തെ വൈസ് പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് എടുക്കാൻ യോഗം തീരുമാനിച്ചു. മാലിന്യം, പ്ലാസ്റ്റിക് നിർമാർജനം എന്നീ വിഷയങ്ങളെക്കുറിച്ച് ഫാ. സിൽവ സ്റ്റർ അംഗങ്ങൾക്ക് ബോധവൽക്കരണം നൽകി. പ്രസ്തുത യോഗ ത്തിൽ 45 അംഗങ്ങൾ പങ്കെടുത്തു.



**സ്വയം സഹായ സംഘങ്ങളും സാമ്പത്തിക ഉന്നമനവും**

സെപ്തംബർ 12, ഒക്ടോബർ 22 തിയതികളിൽ ഫെറോന യോഗം നടന്നു.

**യൂണിറ്റ് യോഗങ്ങൾ:** 7 ഇടവകകളിൽ ഫെറോന എസ്എച്ച്ജികൾ ഫെറോനയിൽ ഉണ്ട്. 7/7 യൂണിറ്റ് യോഗങ്ങൾ രണ്ടു മാസവും നട ന്നു. രൂപതാതല ഓണം ഫെയറിൽ പുതുക്കുറിച്ചി ഫെറോനയിലെ രണ്ടു ആക്ടിവിറ്റി ഗ്രൂപ്പും 5 എസ്.എച്ച്.ജി യും പങ്കെടുത്തു. പേപ്പർ ബാഗ് പരിശീലനം തുമ്പ, വെട്ടുതുറ, എന്നീ ഇടവകയിലും ഫെറോ നതല ബ്യൂട്ടീഷൻ കോഴ്സ് മര്യനാട് ഇടവകയിലും നടന്നു. വിജ യകരമായി സർട്ടിഫിക്കറ്റ് വിതരണവും നടത്തി.

**സേവ് എ ഫാമിലി:** പുതുക്കുറിച്ചി ഫെറോനയിൽ 24 സേവ് എ ഫാമിലി കുടുബങ്ങളാണുള്ളത്. രണ്ടു മാസവും ആനിമേറ്റർ ഫാമിലി വിസിറ്റ് നടത്തി വരുന്നു. പുതുക്കുറിച്ചി ഫെറോനയിൽ 7 അംഗ ങ്ങൾക്ക് 9045/- രൂപ സ്പെഷ്യൽ ഗിഫ്റ്റ് കിട്ടി.

**തൊഴിൽ കാര്യ കമ്മീഷൻ**

**ഫിഷ് വെൽഡിംഗ്:** സെപ്തംബർ 24, ഒക്ടോബർ 15 തീയതിക ളിൽ ഫെറോന യോഗം നടന്നു.

**യൂണിറ്റ് യോഗങ്ങൾ**: 8/9 യൂണിറ്റ് യോഗങ്ങൾ രണ്ടു മാസവും നട ന്നു. ശ്രീമാൻ ബൈബിളിന്റെ സാന്നിധ്യത്തിൽ ഓഡിറ്റിംഗ് നടന്നു. വായ്പ വിതരണം: രണ്ടു മാസം 7 പേർക്ക് 85,000/- രൂപ വായ്പ വിതരണം നടത്തി. ഒക്ടോബർ 15 ശാന്തിപുരം ഇടവകയിൽ വച്ച് 2 എൽക്കിൻ ജോസഫിന്റെ നേതൃത്വത്തിൽ ധ്യാനം ഫിഷ് വെൻഡിംഗ് സ്ത്രീകൾക്കായി നടന്നു. വളരെ നല്ല ധ്യാനം ആയി രുന്നു. 89 അംഗങ്ങൾ പങ്കെടുത്തു. റീജണൽ ആനിമേറ്റർ ഫിഷ് വെൻഡിംഗ് കോഡിനേറ്റർ, എസ്.എച്ച്.ജി ആനിമേറ്റർ എന്നിവരുടെ സാന്നിധ്യവും സഹകരണവുണ്ടായിരുന്നു. സെപ്തംബർ 24 ശാന്തി പുരം ഇടവകയിൽ വച്ച് ഓണാഘോഷം നടത്തി. ഓണപരിപാടി കളും, സമ്മാനവും നടത്തി.

**റ്റി.എം.എഫ്:** സെപ്തംബർ 10, ഒക്ടോബർ 8 തിയതികളിൽ ഫെറോ നയോഗം നടന്നു. രണ്ടു മാസവും 3 ഇടവകകളിൽ യൂണിറ്റ് യോഗ ങ്ങൾ നടന്നു. (തുമ്പ, പള്ളിത്തുറ, പുതുക്കുറിച്ചി) എന്നിവിടങ്ങ ളിൽ റ്റി.എം.എഫ് ഉണ്ട്

**കെ.എൽ.എം**: സെപ്തംബർ 24, ഒക്ടോബർ 21 തിയതികളിൽ ഇടവകകളിൽ ഫെറോന യോഗം നടന്നു. ഇടവകതല യോഗങ്ങൾ 4/5 യോഗങ്ങൾ നടന്നു. 'മാലിന്യ നിർമാർജ്ജനം' എന്ന വിഷയത്തെക്കുറിച്ച് അംഗങ്ങൾ ക്ലാസ് നൽകി. മികച്ച കർഷകനെയും കർഷകയെയും തിരഞ്ഞെടുത്തു. വിത്ത്, വളം, ഗ്രേബാഗ്, വാഴ എന്നിവ കെ.എൽ.എം അംഗങ്ങൾക്ക് വിതരണം നടത്തി. കെട്ടിട നിർമ്മാണ തൊഴിലാളികളെ 10 അംഗങ്ങളെ ക്ഷേമ നിധിയിൽ അംഗത്വമെടുപ്പിച്ചു.

**ആരോഗ്യകാര്യകമ്മിഷൻ**

സെപ്തംബർ 21, ഒക്ടോബർ 20 തിയതികളിൽ പള്ളിത്തുറ, ഫാത്തിമപുരം എന്നി ഇടവകകളിൽ ഐ ക്യാമ്പ് നടത്തി. കാരക്കോണം മെഡിക്കൽ കോളേജും റ്റി എസ് എസ്സും സംയുക്തമായാണ് ക്യാമ്പ് നടത്തിയത്. 126, 175 എന്നി ക്രമത്തിൽ അംഗങ്ങളെ തിമിര ശസ്ത്രക്രിയയ്ക്ക് വിധേയരാക്കി.

**എൽ.എഫ് ക്യാഷ് അവാർഡ്:** എൽ.എഫ് ഫെറോനയിൽ ഉണ്ട്. ഇവരുടെ ബില്ലുകൾ ശേഖരിച്ച് 46,200 രൂപ ഒക്ടോബർ 30 വിതരണം നടത്തി. ഭിന്നശേഷി കുട്ടികളുടെ ഭവനത്തിനായി അപേക്ഷകൾ പൂരിപ്പിച്ച് പഞ്ചായത്തിൽ നൽകി. സെപ്തംബർ 29 ന് വയോജന ദിനാചരണം നടത്തി. 30 വയോജനങ്ങളെ ആദരിച്ചു ഫെറോന കോ-ഓർഡിനേറ്റർ ഫാ. സിൽവസ്റ്റർ വയോജന ദിന സന്ദേശം നൽകി പൊന്നാട അണിയിച്ചു ആദരിച്ചു.

## സ്ത്രീകളും കുട്ടികളും

**സ്ത്രീ ശക്തീകരണം**

**വിധവഫോറം**: 4 ഇടവകകളിൽ വിധവാ ഫോറം ഉണ്ട്. 3/4 യോഗങ്ങൾ രണ്ടു മാസവും നടന്നു. ഫോറങ്ങളിൽ ലഘുനിക്ഷേപം ആരംഭിക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. സെപ്തംബർ 8 ന് റ്റി.ഒ.റ്റി നടത്തി 27 അംഗങ്ങൾ പങ്കെടുത്തു. ഒക്ടോബർ 21 ന് ആനിമേറ്റേഴ്സ് പോലീസ് സ്റ്റേഷൻ വിസിറ്റ് നടത്തി.

**നേഴ്സറി:** പുതുക്കുറിച്ചി ഫെറോനയിൽ റ്റിഎസ്എസ്എസ്സി ന്റെ കീഴിൽ ഒരു നഴ്സറിയാണുള്ളത്. 37 കുട്ടികൾ പഠിക്കുന്നു. എല്ലാ മാസവും ആനിമേറ്റർ നഴ്സറി വിസിറ്റ് നടത്തുന്നു.

**ചൈൽഡ് ലൈൻ**



സെപ്തംബർ 23 ന് പുതുക്കുറിച്ചി സെന്റ് മൈക്കിൾസിൽ വച്ച് സൈബർ സെൽ ക്രൈം എന്ന വിഷയത്തെക്കുറിച്ച് ശ്രീമാൻ കിരൺ ക്ലാസ്സെടുത്തു. 60 കുട്ടികൾ പങ്കെടുത്തു. ആനിമേറ്റേഴ്സിന്റെ സാന്നിധ്യമുണ്ടായിരുന്നു. ഒക്ടോബർ 12 ന് പള്ളിത്തുറ എച്ച് എസ് എസ്സിൽ വച്ച് ഇന്റർനാഷണൽ ഗേൾസിൽ ചൈൽഡ് ഡെ ആചരിച്ചു. ഉദ്ഘാടനം സി.ഡബ്ലൂ.സി ചെയർമാൻ ജോയി ജെയിംസ് ആയിരിക്കുന്നു. ആശംസ പ്രസംഗം ഫാ. ലെനിൻ രാജ് നടത്തി. വെള്ളയമ്പലത്തുള്ള സ്വിമ്മിംഗ്പൂളിൽ നീന്തൽ പരിശീലിക്കാൻ താല്പര്യമുള്ള 20 കുട്ടികളെ ഫ്രീയായി നീന്തൽ പഠിപ്പിക്കണമെന്ന് ഫാദർ ലെനിൻരാജ് അറിയിച്ചു. ചൈൽഡ് ലൈൻ ടീം മെമ്പേഴ്സ് ലിജാ സ്റ്റീഫൻ ക്രിസ്റ്റീന, കിരൺ എന്നിവരും ഡിസ്ട്രിക് കോർഡിനേറ്റർ ജോബി, ആനിമേറ്റേഴ്സ് എന്നിവരും പങ്കെടുത്തു.

**മദ്യവും പരിസ്ഥിതിയും**

30/10 തിയതികളിൽ മര്യനായ് വിദ്യാസദൻ സ്കൂളിൽ വച്ച് ഓങ്കോളജി ഡിപ്പാർട്ട്മെന്റ് മേധാവി ഡോ. അജയ്കുമാർ കുട്ടികൾക്ക് ക്യാൻസറിനെക്കുറിച്ചും അവയവദാനത്തെക്കുറിച്ചും ക്ലാസ് നൽകി പ്രസ്തുത ക്ലാസിൽ 300 കുട്ടികളും 50 അധ്യാപകരും പങ്കെടുത്തു. ആനിമേറ്റേഴ്സിന്റെ സാന്നിധ്യവും സഹകരണവും ഉണ്ടായിരുന്നു. ഒക്ടോബർ 23 ന് നടന്ന മദ്യവിരുദ്ധ റാലിയിൽ ഫെറോനയിൽ നിന്ന് 400 അംഗങ്ങളെ പങ്കെടുപ്പിച്ചു.

**പ്രവാസികാര്യ കമ്മിഷൻ**: ഒക്ടോബർ 7 ന് തുമ്പ ഇടവകയിൽ വച്ച് 2 മണിക്ക് തുമ്പ റ്റിഎസ്എസ്എസ്സിന്റെ നേതൃത്വത്തിൽ നോർക്കാ റൂട്ട്സുമായി ചേർന്ന് പ്രവാസി അവയർനസ് നടത്തി. നോർക്ക് റിക്രൂട്ട്മെന്റ് ഓഫീസർ ശ്രീ ഉദയകുമാറും ക്ഷേമനിധി ഓഫീസർ ശ്രീ അജയും ക്ലാസ്സിന് നേതൃത്വം നൽകി. പ്രസ്തുത ക്ലാസിൽ 58 അംഗങ്ങളുടെ സജീവ സാന്നിധ്യമുണ്ടായിരുന്നു. ആനിമേറ്റേഴ്സിന്റെ സഹായസഹകരണങ്ങൾ ഉണ്ടായിരുന്നു പ്രവാസി ക്ഷേമനിധി അംഗത്വം ഫോമിന്റെ വിധത്തെയും തുടർ നടപടികൾ തുമ്പ സാമൂഹിക ശുശ്രൂഷ സമിതി നടത്തി വരുന്നു.

**ഫാ. സിൽവസ്റ്റർ കുരിശ്**
കോഓർഡിനേറ്റർ

**സുജാ സുനിൽ**
ആനിമേറ്റർ

## വലിയതുറ ഫെറോന

### നീതി-സമാധാനം, വികസന കമ്മീഷൻ

### കാര്യശേഷി വികസനം

ഫെറോന പ്രവർത്തകരുടെ കൂടി വരവ് ആദ്യശനിയാഴ്ച കളിൽ കണ്ണാന്തുറ കൊച്ചുപള്ളിയിൽ വച്ച് നടന്നു. ഫെറോന റ്റിഎ സ്എസ്എസ് എക്സിക്യൂട്ടീവ് യോഗം ആദ്യശനിയാഴ്ചകളിലായി വലിയതുറ, കൊച്ചുതോപ്പ് ഇടവകകളിൽ വച്ച് ഫെറോന കോർഡി നേറ്റർ ഫാ. പോൾ.ജി യുടെ അദ്ധ്യക്ഷതയിൽ നടന്നു. 7,12 എന്നീ ക്രമത്തിൽ പങ്കാളിത്തം ഉണ്ടായിരുന്നു. ഫെറോനതല പ്രവർത്തന ങ്ങൾ ചർച്ച ചെയ്തു. 12/11/2017 ൽ വലിയവേളി ഇടവകയിൽ വച്ച് ഫെറോന ജനറൽ ബോഡി യോഗം നടന്നു. 64 പേർ പങ്കെടുത്ത പരിപാടിയിൽ വെട്ടുകാട് ഇടവകയൊഴികെ മറ്റെല്ലാ ഇടവകകളും റിപ്പോർട്ട് അവതരിപ്പിച്ചു. രൂപത കപ്പാസിറ്റി കോർഡിനേറ്റർ ശ്രീമതി ലിജ സ്റ്റീഫൻ ഫെറോന/ഇടവക പ്രവർത്തനങ്ങളുടെ വിലയിരു ത്തൽ നടത്തി. ഇടവകതലയോഗങ്ങൾ 8/10, 8/10 എന്നീ ക്രമത്തിൽ നടന്നു. 18/10/2017 ൽ സെക്രട്ടറിമാരുടെ കൂടി വരവ് നടത്തി. പദ്ധ തി-ബജറ്റ് പ്രകാരമുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി. യൂണിറ്റ് യോഗങ്ങളുടെ നടത്തിപ്പ് ഉറപ്പാക്കി.

### അടിസ്ഥാന സൗകര്യവികസനം

ബി.എസ്.യൂ.പി ഭവന പദ്ധതി പ്രകാരം കൊച്ചുതോപ്പ്, വലി യതുറ, സെന്റ് സേവ്യഴ്സ്, ചെറിയതുറ ഇടവകകളിലായി 23 ഭവന ങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. നവംബർ മാസം പുതുതായി ബീമാപള്ളി, വലിയതുറ വാർഡുകളിൽ 18 പേർ അപേക്ഷ നൽകി. രൂപത ഭവനം ഒരു സമ്മാനം പദ്ധതിയുടെ ഭാഗ മായി 4 ഭവനങ്ങളുടെ പണി നടന്നു വരുന്നു.

### സ്വയം സഹായ സംഘങ്ങളുടെ സാമ്പത്തിക ഉന്നമനവും

ഫെറോനയോഗം മൂന്നാമത്തെ ചൊവ്വാഴ്ചകളിലായി വെട്ടു കാട്, കൊച്ചുവേളി ഇടവകകളിൽ വച്ചു നടന്നു. ഇടവകതല പ്രവർത്തനങ്ങൾ വിലയിരുത്തി. 4/8, 7/8 എന്നീ ക്രമത്തിൽ ഇടവ കതലയോഗങ്ങൾ നടന്നു. പേപ്പർ ബാഗ് നിർമ്മാണ പരിശീലനം



31/10/17 ൽ വലിയതുറ ഇടവകയിൽ വച്ചു നടന്ന സെന്റ് ആന്റ ണീസ് എന്ന പേരിൽ ആക്റ്റിവിറ്റി ഗ്രൂപ്പ് രൂപീകരിച്ചു. എസ്.എ ച്ച്.ജി ആനിമേറ്റർ, ഓർഗനൈസർ എന്നിവർ ചേർന്ന് സംഘങ്ങൾ സന്ദർശിച്ച് എസ്.എച്ച്.ജി കളുടെ ഫെറോന ഫണ്ടിൽ നിന്നും സെന്റ് സേവ്യഴ്സ് - 25,000, തോപ്പ് - 25,000, കണ്ണാന്തുറ - 25,000 എന്നീ ക്രമത്തിൽ 75000 രൂപ ലോൺ നൽകി. കൊച്ചുതോപ്പ് ഇടവ കയിൽ കുടുംബശ്രീയുമായി സഹകരിച്ച് 21 കെ.എൽജി ഗ്രൂപ്പുകൾക്ക് 2.50000/ രൂപ ക്രമത്തിൽ ലോൺ ലഭിച്ചു. ത്രിഫ്റ്റ് ലോൺ 1.50000 രൂപ കണ്ണാന്തുറ, സെന്റ് സേവ്യഴ്സ് ഇടവകകൾ അംഗങ്ങൾക്കു നൽകി.

**എസ്എഎഫ്പി**: ആകെ കുടുംബങ്ങൾ 42 നിയോഗിക്കപ്പെട്ട ആനി മേറ്റേഴ്സ് ഭഴനസന്ദർശനം നടത്തി വിലയിരുത്തി. ഒക്ടോബർ മാസം 2,250 രൂപ സ്പെഷ്യൽ ഗിഫ്റ്റ് ലഭിച്ചു.

കാരുണ്യ ദീപം പരിപാടിയുടെ ഭാഗമായി 3 പേർക്ക് ധന സഹായം ലഭിക്കുന്നു. ഫെറോനയിൽ നിന്നും 4 കുടുംബങ്ങൾക്ക് സഹായം നൽകി വരുന്നു.

### തൊഴിൽ കാര്യ കമ്മിഷൻ

**മത്സ്യക്കച്ചവട സ്ത്രീഫോറം**: 8 ഇടവകകളിലായി 218 അംഗങ്ങൾ ചേർന്ന് പ്രവർത്തിക്കുന്നു. ഫെറോനയോഗം രണ്ടാമത്തെ ഞായ റാഴ്ചകളിലായി ചെറിയതുറ, തോപ്പ് ഇടവകകളിൽ വച്ചു നടന്നു. രൂപത കോർഡിനേറ്റർ റവ. സി.ഷിജിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ യോഗങ്ങളിൽ ഇടവകതല പ്രവർത്തനങ്ങൾ വിലയിരുത്തി. ഉണർവ് പഠന പത്രിക വായിച്ചു വിലയിരുത്തുന്നു. 15/16 എന്ന ക്രമത്തിൽ പങ്കാളിത്തം ഉണ്ടായിരുന്നു. "കുടുംബബന്ധങ്ങളുടെ മഹനീയത" എന്ന വിഷയത്തിൽ സി.ഷിജിക്ക് ക്ലാസ്സ് നൽകി. യൂണിറ്റ് യോഗ ങ്ങൾ 8/8 എന്ന ക്രമത്തിൽ നടന്ന ഒക്ടോബർ മാസം 10 അംഗ ങ്ങൾക്കായി 1.90000 രൂപ വായ്പ നൽകി. മെഡിക്കൽ ഫണ്ടിൽ നിന്നും കണ്ണാന്തുറ, കൊച്ചുതോപ്പ് ഇടവകകളിലുള്ള രണ്ടംഗ ങ്ങൾക്കായി 1500 രൂപ ധനസഹായം നൽകി.

**റ്റി.എം.എഫ്**: 12/11/2017 ൽ തോപ്പ് ഇടവകയിൽ വച്ച് ഫെറോന

ജനറൽ ബോഡി യോഗം നടന്നു. 45 പേർ പങ്കെടുത്തു. രൂപത റ്റിഎംഎസ് ഡയറക്ടർ ഫാ. ഷാജിൻ മുഖ്യാതിഥി ആയിരുന്ന പരിപാടിയിൽ ഫെറോനവികാരി, ഫെറോന കോഡിനേറ്റർ, റ്റിഎംഎഫ് കോഡിനേറ്റർ, രൂപത പ്രസിഡന്റ് എന്നിവരുടെ പങ്കാളിത്തം ഉണ്ടായിരുന്ന വേളി പുലിമൂട്ട് പ്രശ്നം ചർച്ച ചെയ്തു. റ്റിഎംഎഫ് പ്രവർത്തനങ്ങളുടെ വിശദീകരണം ഫാ. ഷാജിൻ നൽകി. ഫെറോന ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തി. മത്സ്യത്തൊഴിലാളി ദിനം ചർച്ച ചെയ്തു. 25/11/2017 ൽ കൊച്ചുവേളി ഇടവക കമ്മ്യൂണിറ്റി ഹാളിൽ വച്ച് മത്സ്യത്തൊഴിലാളിദിനം ആഘോഷിച്ചു. കൊച്ചുവേളി ഇടവകയിൽ നിന്നും കടലിൽപ്പോയ ആളെ കാണാതായ ജസ്റ്റിൻ കുലാസ് എന്നയാളുടെ ഭവനത്തിൽ 27/10/17 ൽ ഫെറോന സിസ്റ്റർ പ്രതിനിധി, ഫെറോന ആനിമേറ്റർ എന്നിവർ ചേർന്ന് സന്ദർശിച്ചു. ആരോഗ്യകാര്യകമ്മീഷൻ: ചെറിയതുറ മുതൽ വലിയവേളി വരെയുള്ള സ്കൂളുകൾ, അംഗൻവാടികൾ, പിഎച്ച്സി കൾ എന്നിവിടങ്ങളിൽ വച്ച് എം.ആർ വാക്സിൽ 9/10/17 ൽ വലയിതുറ വിഎഫ്എ ഹാളിൽ വച്ച് വയോമിത്രം ക്യാമ്പ് നടന്നു. 10/10/17, 19/10/17 എന്നീ തീയതികളിലായി പാലിയേറ്റിക് കെയർ യൂണീകിന്റെ സന്ദർശനം തോപ്പ്, കൊച്ചുതോപ്പ്, വലിയതുറ, സെന്റ് സേവ്യേഴ്സ് ഇടവകകളിലായി നടത്തി. 8 കിടപ്പുരോഗികൾക്ക് പരിചരണം നൽകി. എൽഎഫ് പ്രോജക്ടിൽ അംഗങ്ങളായ 14 കുട്ടികൾക്ക് 25/10/17 ൽ തോപ്പ് ഇടവകയിൽ വച്ച് കോർഡിനേറ്റർ സി. അൽഫോൻസ യുടെ സാന്നിധ്യത്തിൽ 42,000 രൂപ ധനസഹായം നൽകി. 30/10/17 ൽ കോപ്പ് ഇടവകയിലുള്ള 65 വയോജനങ്ങളെ ഉൾപ്പെടുത്തി വയോജന ദിനാചരണം നടത്തി. ആശാകിരണം ക്യാൻസർ കെയർ പദ്ധതിയുടെ ഭാഗമായി 18/11/17 ൽ വലിയതുറയിൽ വച്ച് വോളണ്ടിയർമാർക്കുള്ള പരിശീലനം നടന്നു. ഒരു ക്യാൻസർ രോഗിക്ക് 5000 രൂപ ധനസഹായം നൽകി.

**സ്ത്രീകളും കുട്ടികളും**

**ചൈൽഡ് പാർലമെന്റ്**: ചെറുവെട്ടുകാട്, വലിയവേളി ഇടവകകളിൽ ചൈൽഡ് പാർലമെന്റ് പ്രവർത്തനം നടക്കുന്നു. 15/10/17 ൽ



ലോക കൈകഴുകൽ ദിനം ആചരിച്ചു. ചൈൽഡ് ലൈൻ കോർഡിനേറ്റർ ശ്രീ. കിരൺ പരിപാടികൾക്ക് നേതൃത്വം നൽകി. പാർലമെന്റിലെ ഭാരവാഹികളെ തിരഞ്ഞെടുത്തു.

കൊച്ചുവേളി, കണ്ണാന്തുറ ഇടവകകളിൽ മതബോധന വിദ്യാർത്ഥികൾക്കായി “സൈബർ ക്രൈം” നെക്കുറിച്ച് ശ്രീ. കിരൺ ക്ലാസ്സ് നല്കി. 19/11/17 ൽ വലിയവേളി ഇടവകയിൽ വച്ച് ചെറുവെട്ടുകാട് ഇടവകയിലുള്ള കുട്ടികളെ കൂടി ഉൾപ്പെടുത്തി ശിശുദിനാചരണം നടത്തി. റാലി, ക്വിസ് മത്സരം ഇവ നടത്തി സമ്മാനം നൽകുകയും ചെയ്തു. ശിശുദിന സന്ദേശം പാർലമെന്റിലെ കുട്ടികൾ നൽകി. 58 കുട്ടികൾ പങ്കെടുത്തു.

**ചൈൽഡ് ലൈൻ**: 18/11/17 ൽ കൊച്ചുതോപ്പ് ഇടവകയിൽ വച്ച് ചൈൽഡ് ലൈൻ ഓപ്പൺ ഹൗസ് നടത്തി. വലിയതുറ പോലീസ് സ്റ്റേഷനിലെ എഎസ്ഐ ബൈജു സാർ നേതൃത്വം നൽകി. 48 കുട്ടികൾ പങ്കെടുത്തു. ചൈൽഡ് ലൈൻ ടീം അംഗങ്ങളായ ശ്രീമതി ലിജ സ്റ്റീഫൻ ക്രിസ്റ്റീന എന്നിവരുടെ പങ്കാളിത്തം ഉണ്ടായിരുന്നു. സ്ത്രീശക്തീകരണ പരിപാടികൾ: റ്റിഒറ്റി പരിപാടികളുടെ ഭാഗമായി 30/10/17 ൽ വലിയതുറ പോലീസ് സ്റ്റേഷൻ സന്ദർശനം നടത്തി. 23 പേർ പങ്കെടുത്തു. അഡ്വ ശ്രീജ, എഎസ്ഐ ബിജുകുമാർ എസ്ഐ ജയപ്രകാശ് എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**പ്രവാസികൾ**: തോപ്പ്, കണ്ണാന്തുറ ഇടവകകളിൽ നോർക്ക റൂട്ട്സ് രജിസ്ട്രേഷൻ നടന്നുവരുന്നു. 25/11/17 ൽ ചെറിയതുറ, കൊച്ചുതോപ്പ് ഇടവകകളിൽ ബോധവൽക്കരണം നടത്തി.

**മദ്യവിരുദ്ധ പ്രവർത്തനങ്ങൾ**: 18/10/17 ൽ കൊച്ചുവേളി ഇടവകയിൽ വച്ച് ഫെറോന യോഗം നടത്തി. 23/10/17 ൽ നടക്കുന്ന ധർണ്ണ ചർച്ച ചെയ്തു. പ്രസ്തുത ധർണ്ണയിൽ ഫെറോനയിൽ നിന്നും 250 അംഗങ്ങൽ പങ്കെടുത്തു. പ്രസ്തുത പരിപാടിയുടെ മുന്നോടിയായി ഫെറോനയിലുള്ള എല്ലാ ഇടവകകളും കോൺവെന്റുകളും സി. ഷിജി, ലിസ്സി ബെനഡിക്ട്, ഷീജ എന്നിവർ ചേർന്ന് സന്ദർശിച്ചു. ഭവനസന്ദർശനത്തിലൂടെ കോർഡിനേറ്റർ സി.ജനസ്റ്റസ് ആവശ്യമായവർക്ക് കൗൺസലിംഗ് നൽകി വരുന്നു. 15/11/17 ൽ വെട്ടുകാട്

സ്കൂളിൽ മദ്യവിരുദ്ധ പ്രവർത്തനങ്ങളുടെ വാഹനപ്രചരണം നടത്തുകയും ചെയ്തു.

**പരിസ്ഥിതി സംരക്ഷണം**: ചെറുവെട്ടുകാട്, സെന്റ് സേവ്യേഴ്സ് ഇടവകകളിലായി രൂപത സഹായത്തോടെ ജൈവവള കൃഷി പ്രോത്സാഹനം നൽകി. ഗ്രേബാഗ്, വിത്ത്, വളം ഇവയാണ് നൽകിയത്. സെന്റ് സേവ്യേഴ്സ് ഇടവകയിൽ ഇടവകതലത്തിൽ ജൈവവള കൃഷി ചെയ്യുന്നതിനായി കോർപ്പറേഷനിൽ അപേക്ഷ നൽകി. സബ്സിഡി നിരക്കിൽ ലഭിക്കുന്നതിനായിട്ടാണ് അപേക്ഷ നൽകിയത്. തോപ്പ് ഇടവകയിൽ ബയോ ഗ്യാസ് ചെയ്യുന്ന ഇടവകകൾ പച്ചക്കറി കൃഷി നടത്തി വരുന്നു. കൊച്ചുവേളി, ചെറിയതുറ ഇടവകകൾ വാഴത്തൈ വാങ്ങി വിതരണം ചെയ്തു. രൂപത ഇടവക സഹായത്തോടൈയാണ് പരിപാടി നടപ്പിലാക്കിയത്.

**ഫാ. പോൾ ജി** — **ഷീജ റ്റി.കെ**
കോഓർഡിനേറ്റർ — ആനിമേറ്റർ





# അല്മായ ശക്തീകരണ കോഴ്സ്

രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണ രേഖകളുടെയും കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിന്റെയും സഭയുടെ ആനുകാലിക പ്രബോധനങ്ങളുടെയും അടിസ്ഥാനത്തിലുള്ള അല്മായ ശക്തീകരണ കോഴ്സ്, കോവളം ആനിമേഷൻ സെന്ററിൽ 2017 ഡിസംബർ 8 മുതൽ 12 വരെ നടന്നു. കോഴ്സിൽ 28 പേർ പങ്കെടുത്തു. കത്തോലിക്കാ സഭയുടെ വിശ്വാസ, ധാർമ്മിക പ്രബോധനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഈ കോഴ്സിൽ തിരുസഭയെക്കുറിച്ചും വിശ്വാസ ജീവിതത്തെക്കുറിച്ചും ആഴത്തിലുള്ള പഠനം നടന്നു. തിരുവനന്തപുരം അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് സന്ദേശം നൽകി. ശ്രീ. ബിജു ഓഫ് ഇമ്മാക്കുലേറ്റ് മേരി ക്ലാസ് നയിച്ചു. അല്മായ ശുശ്രൂഷാ ഡയറക്ടർ എം.ആർക്കാഞ്ചലൊ, ദിവ്യബലിയിലെ അല്മായരുടെ സജീവ പങ്കാളിത്തത്തെപ്പറ്റി ക്ലാസെടുത്തു.

**ഡിസംബർ 3 ലെ സമുദായ ദിനാഘോഷം മാറ്റിവച്ചു**

2017 ഡിസംബർ 3 ന് തോപ്പ് ഇടവകയിലെ സെന്റ് ആൻസ് പാരിഷ് ഹാളിൽ വച്ച് അല്മായ-യുവജന ശുശ്രൂഷകളുടെ സംയുക്താഭിമുഖ്യത്തിൽ നടത്താനിരുന്ന ഈ വർഷത്തെ ലത്തീൻ കത്തോലിക്കാ സമുദായദിനാഘോഷം ഓഖി ചുഴലിക്കാറ്റ് മൂലമുണ്ടായ കടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മാറ്റിവച്ചു.

**ലീജൻ ഓഫ് മേരി വേളി കൂരിയ യോഗം**

ലീജൻ ഓഫ് മേരി കൂരിയ യോഗം വേളി സെന്റ് തോമസ് പാരിഷ് ഹാളിൽ 2017 ഡിസംബർ 9-ാം തിയതി നടന്നു. അല്മായ ശുശ്രൂഷാ ഡയറക്ടർ എം.ആർക്കാഞ്ചലൊ, ദിവ്യബലിയിലെ അല്മായരുടെ സജീവ പങ്കാളിത്തത്തെപ്പറ്റി ക്ലാസെടുത്തു.

**ഡി.സി.എം.എസ് യോഗം**

തിരുവനന്തപുരം അതിരൂപതയിലെ ദലിത് കത്തോലിക്ക മഹാജന സഭയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 2017 ഡിസംബർ 20 ന് നടന്നു. നിലവിൽ നടന്നു വരുന്ന പ്രവർത്തനങ്ങളെപ്പറ്റി പ്രസിഡന്റ് ജോർജ്ജ് പള്ളിത്തറ വിശദീകരിച്ചു. ഡയറക്ടർ എം. ആർക്കാഞ്ചലൊ യോഗത്തിൽ പങ്കെടുത്തു.